VOL NO: 09
ISSUE 02
2025 JANUARY 11
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്; ഗുണവും ദോഷവും

# എക്സ് മുസ്‌ലിം ഭീകരാക്രമണം: മുസ്‌ലിം വിരുദ്ധത ജീവനെടുക്കുമ്പോൾ!

വെറുപ്പുൽപാദനത്തിന്റെ അനന്തരഫലം എത്ര ഭയാനകമാണെന്നതിന്റെ ചോരയുണങ്ങാത്ത ഉദാഹരണമാണ് മഗ്ഡിബർഗ് ക്രിസ്മസ് മാർക്കറ്റ് ആക്രമണം. എക്സ് മുസ്‌ലിംകളും വലത് തീവ്രവാദികളും നവനാസ്തികരുമെല്ലാം വരച്ചിടുന്ന മുസ്‌ലിം വിരുദ്ധത മഹാമാരിയായി മാറുന്നതിന് മുമ്പ് നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ രാജ്യവും അരാജകത്വത്തിൽ ചെന്നുചാടുമെന്നതിൽ സംശയമില്ല.

**റജബ് മാസത്തിലെ അനാചാരങ്ങൾ**

**കൗമാരം; രക്ഷിതാക്കൾ അറിയാൻ**

**മൗദൂദിയെ ഉപേക്ഷിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്കാകുമോ?**




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0416
# നേർപഥം
വാരിക

2025 ജനുവരി 11
1446 റജബ് 11
പുസ്തകം 09 / ലക്കം 02




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




ഡോ. അബ്ദുല്ലാ ബാസിൽ സിപി

വെറുപ്പുൽപാദനത്തിന്റെ അനന്തരഫലം എത്ര ഭയാനകമാണെന്ന തിന്റെ ചോരയുണങ്ങാത്ത ഉദാഹരണമാണ് മഗ്ഡിബർഗ് ക്രിസ്മസ് മാർക്കറ്റ് ആക്രമണം. എക്സ് മുസ്‌ലിംകളും വലത് തീവ്രവാദിക ളും നവനാസ്തികരുമെല്ലാം വരച്ചിടുന്ന മുസ്‌ലിം വിരുദ്ധത മഹാമാ രിയായി മാറുന്നതിന് മുമ്പ് നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ രാജ്യവും അരാജകത്വത്തിൽ ചെന്നുചാടുമെന്നതിൽ സംശയമില്ല.

**05** മുഖമൊഴി
എന്തുകൊണ്ട് നേർപഥം?

**06** വിമർശനം
മൗദൂദിയെ വഴിയിൽ ഉപേക്ഷിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്കാകുമോ?
മൂസ സ്വലാഹി കാര

**15** കുടുംബപഥം
കൗമാരം; രക്ഷിതാക്കൾ അറിയാൻ
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

**18** നിരീക്ഷണം
ആർട്ടിഫിഷ്യൽ ഇന്റലിജൻസ്; ഗുണവും ദോഷവും
റസാഖ് ചെറൂപ്പ

**21** നമുക്കുചുറ്റും
പഠനയാത്രജന്മദിനാഘോഷം: വിദ്യാഭ്യാസ വകുപ്പിന്റെ പുതിയ തീരുമാനം ശ്ലാഘനീയം
ടി.കെ അശ്റഫ്

**24** ചിന്താപഥം
ജീവനെക്കാൾ വലുതല്ല തിരക്കുകൾ
നബീൽ പയ്യോളി

**26** ബാലപഥം
നന്മയുള്ള മക്കൾ
അബൂഹംദ, അലനല്ലൂർ

**27** ഓർമപ്പെടുത്തൽ
നാവ് നമ്മെ നരകത്തിലേക്കു നയിക്കരുത്
മൻഷൂബ് അൽഅസ്ഹരി,എടത്തനാട്ടുകര

**28** കർമപഥം
വ്യാപാരങ്ങൾ
വിവ. അബ്ദുൽ ജബ്ബാർ മദീനി

**31** പഠനം
റജബ് മാസത്തിലെ അനാചാരങ്ങൾ
ശമീർ മദീനി

**34** കവിത
ഹ്രസ്വമീ ജീവിതം
ഹുസ്ന മലോറം

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ‘അൽമഹാറ’ ദേശീയ ക്വുർആൻ വൈജ്ഞാനിക മത്സരത്തിന് പരിസമാപ്തി

മലപ്പുറം: ജാമിഅഃ അൽഹിന്ദ് അൽഇസ്‌ലാമിയ്യഃ സുഊദി എംബസിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ‘അൽമഹാറ’ ദേശീയ ക്വുർആൻ വൈജ്ഞാനിക മൽസരങ്ങൾ മലപ്പുറം മിനി ഊട്ടിയിൽ സമാപിച്ചു. ഇന്ത്യയിലെ മുന്നൂറിലധികം സ്ഥാപനങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 1100 പ്രതിഭകളാണ് ഒരു മാസക്കാലമായി മൂന്ന് റൗണ്ടുകളിലായി വിവിധ ജില്ലാ കേന്ദ്രങ്ങളിൽ നടന്ന മത്സരത്തിൽ പങ്കെടുത്തത്. അതിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവരാണ് ജാമിഅഃ അൽഹിന്ദ് ക്യാമ്പസിൽ വെച്ച് മൂന്ന് ദിവസങ്ങളിൽ മാറ്റുരച്ചത്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, ജാമിഅഃ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ് എന്നിവർ ഫലപ്രഖ്യാപനം നടത്തി. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ നിഷാദ് സലഫി ആധ്യക്ഷ്യം വഹിച്ചു. അബ്ദുൽ മാലിക് സലഫി, ശുറൈഹ് സലഫി, സഹൽ അൽഹികമി, സലാഹുദ്ദീൻ അൽഹികമി, സഫീർ അൽഹികമി പ്രസംഗിച്ചു.

## വിജയികൾ ഇവർ

**അറബി കവിതാരചന:**
ഒന്നാം സ്ഥാനം: മുഹമ്മദ് ശാമിൽ ഇബ്നു ഇബ്റാഹിം (താനൂർ ഇസ്‌ലാഹുൽ ഉലൂം അറബിക്കോളേജ്).
രണ്ടാം സ്ഥാനം: മുഹമ്മദ് നാഇം ഇബ്നു നജീബ് (ഐനുൽ മആരിഫ് അറബിക്കോളേജ്, കണ്ണൂർ).

**വനിതാ വിഭാഗം ഹിഫ്ദുൽ ക്വുർആൻ 15 ജുസ്അ്:**
ഒന്നാം സ്ഥാനം: ഉമ്മുസൽമ റൈഹാന ബിൻത് മഹ്മൂദ് (റയാഹീൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്വുർആൻ, കോഴിക്കോട്).
രണ്ടാം സ്ഥാനം: ആതിക ലിബ ബിൻത് ഉസ്മാൻ (എംഎസ് അക്കാഡമി കാസർകോഡ്).
മൂന്നാം സ്ഥാനം: നജാ നസറീൻ ബിൻത് ശമീർ (ദി വിർച്യു ഓൺലൈൻ ഇൻസ്റ്റിറ്റ്യൂട്ട്).

**വനിതാ വിഭാഗം ഹിഫ്ദുൽ ക്വുർആൻ 30 ജുസ്അ്:**
ഒന്നാം സ്ഥാനം: തുവ മർയം ബിൻത് മുഹമ്മദ് യൂസുഫ് (നോളജ് ഇന്റർനാഷണൽ, കർണാടക).
രണ്ടാം സ്ഥാനം: ഹുമൈറ ബിൻത് മുസമ്മിൽ (മലപ്പുറം പീസ് റസിഡൻഷ്യൽ സ്കൂൾ).
മൂന്നാം സ്ഥാനം: സുമയ്യ ഷഹർസാദ് ബിൻത് റഹ്മത്തുല്ലാഹ് (ദി വിർച്ച്വ ഓൺലൈൻ ഇൻസ്റ്റിറ്റ്യൂട്ട്).

**പുരുഷ വിഭാഗം ഹിഫ്ദുൽ ക്വുർആൻ 15 ജുസ്അ്:**
ഒന്നാം സ്ഥാനം: അബ്ദുൽ ഹാദി ബിൻ മുഹമ്മദ് റഫീഖ് (സ്ട്രൈറ്റ് പാത്ത് പാണക്കാട്).
രണ്ടാം സ്ഥാനം: സഫ്‌വാൻ ബിൻ സാജിദ് (കായംകുളം അൽജാമിഅത്തുൽ ഹസനിയ).
മൂന്നാം സ്ഥാനം: അബ്ദുറഹ്മാൻ ഗാസി ബിനു ഫൈസൽ അഹമദ് (മംഗലാപുരം ഇഖ്റഅ് അറബിക് സ്കൂൾ).

**പുരുഷ വിഭാഗം ഹിഫ്ദുൽ ക്വുർആൻ 30 ജുസ്അ്:**
മുഹമ്മദ് ശുഐബ് ശറഫുദ്ദീൻ (ഹൈദരാബാദ് അൻവാറുൽ ഉലൂം ഡിഗ്രി)
രണ്ടാം സ്ഥാനം: മുഹമ്മദ് ഹാനി ഹംസ (ജാമിഅ അൽഹിന്ദ് മിനി ഊട്ടി)
മൂന്നാം സ്ഥാനം: മുഹമ്മദ് ഷഹസാദ് നിസാർ (സ്ട്രൈറ്റ് പാത്ത് പാണക്കാട്).

**പുരുഷ വിഭാഗം ഉസൂലുസ്സുന്ന:**
ഒന്നാം സ്ഥാനം: സൽമാനുൽ ഫാരിസ് (ദാറുൽ അർഖം, തിരുവനന്തപുരം)
രണ്ടാം സ്ഥാനം: മുഹമ്മദ് ശർഹാൻ (ദാറുൽ അർഖം, തിരുവനന്തപുരം)
മൂന്നാം സ്ഥാനം: മൂസാ മുഹമ്മദ് (ജാമിഅ: ഫുർഖാൻ, ദക്ഷിണ കന്നഡ)

**വനിതാ വിഭാഗം ഉസൂലുസ്സുന്ന:**
ഒന്നാം സ്ഥാനം: സഹല ഷെറിൻ
രണ്ടാം സ്ഥാനം: ഫാത്തിമ റഹ്മ
മൂന്നാം സ്ഥാനം: ഫിദ ഹനാൻ

**പുരുഷ വിഭാഗം അർബഊനന്നവവിയ്യ:**
ഒന്നാം സ്ഥാനം: നിഹാൽ മുഹമ്മദ് (ജാമിഅ അൽഹിന്ദ് മിനി ഊട്ടി)
രണ്ടാം സ്ഥാനം: മുഹമ്മദ് ഉസൈർ (ജാമിഅ: ഫുർഖാൻ, ദക്ഷിണ കന്നഡ)
മൂന്നാം സ്ഥാനം: ആദിൽ അമീൻ (ജാമിഅ അൽഹിന്ദ് മിനി ഊട്ടി)

**വനിതാ വിഭാഗം അർബഊനന്നവവിയ്യ:**
ഒന്നാം സ്ഥാനം: നദ്‌വ കെ.എ. (ജാമിഅ അൽഹിന്ദ് പാണക്കാട്)
രണ്ടാം സ്ഥാനം: ആമിനാ സഫ (ജാമിഅ: ഫുർഖാൻ, ദക്ഷിണ കന്നഡ)
മൂന്നാം സ്ഥാനം: അറ്വാം മഫ്സ (ജാമിഅ: ഫുർഖാൻ, ദക്ഷിണ കന്നഡ)

# എന്തുകൊണ്ട് നേർപഥം?

മുസ്‌ലിം ലോകം ഒട്ടേറെ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഒരു കാലഘട്ടമാണിത്. പ്രതിസന്ധികൾ ആദ്യമായിട്ടല്ല എങ്കിലും ഇന്ന് അത് ആഗോളതലത്തിൽ വ്യാപിച്ചിരിക്കുന്നു. ഇസ്‌ലാമിന്റെ ശത്രുക്കൾ പടച്ചുവിടുന്ന ഇസ്‌ലാമിന്റെ പേരിലുള്ള തീവ്രവാദ ഗ്രൂപ്പുകളും സ്ഥാപിത താൽപര്യക്കാരായ അവിവേകികളും നടത്തുന്ന മനഷ്യത്വഹീനമായ പ്രവർത്തനങ്ങൾ ചൂണ്ടിക്കാണിച്ച് മുസ്‌ലിംകൾ മൊത്തം തീവ്രവാദികളാണെന്നും ഇസ്‌ലാം തീവ്രവാദത്തിന്റെ മതമാണെന്നും വിശുദ്ധ ക്വുർആൻ അമുസ്‌ലിംകളെയാകമാനം കൊന്നൊടുക്കുവാൻ കൽപിക്കുന്ന ഗ്രന്ഥമാണെന്നും പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ജനങ്ങൾക്കിടയിൽ അത് വേരുറച്ചുകൊണ്ടിരിക്കുകയാണ്.

അക്രമങ്ങളെയെല്ലാം ഇസ്‌ലാമിന്റെ പറ്റിൽ എഴുതിച്ചേർത്ത് പ്രചരിപ്പിക്കുന്ന ചില മാധ്യങ്ങൾ ഇതിൽ അനൽപമായ പങ്കാണ് വഹിക്കുന്നത്. യുക്തിവാദ-നിരീശ്വരവാദ പ്രസ്ഥാനങ്ങളും ഇതിൽ വഹിക്കുന്ന പങ്ക് ചെറുതല്ല.

ധൈഷണികമായ ചെറുത്തുനിൽപാണ് ഇവിടെ അനിവാര്യം. പ്രാമാണികമായി ഇസ്‌ലാമിനെ മനസ്സിലാക്കി ജീവിക്കുവാൻ മുസ്‌ലിം സമൂഹത്തിന് സാധിക്കണം. ജീവിതത്തിൽ ഇസ്‌ലാമുണ്ടെങ്കിൽ അതിനെക്കാൾ വലിയ സന്ദേശം വേറെയില്ല. അത് നല്ലൊരു ശതമാനത്തിനും ഇല്ലാതെ പോയതാണ് സമുദായത്തിന്റെ പരാജയം. തിന്മയെ നന്മകൊണ്ട് പ്രതിരോധിക്കുക എന്നാണ് ശത്രുക്കളെ മിത്രങ്ങളാക്കുവാനുള്ള മാർഗമായി വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നത്. അല്ലാതെ അക്രമത്തെ അക്രമം കൊണ്ട് നേരിടുവാനും നിരപരാധികളെ ഉപദ്രവിക്കുവാനുമല്ല.

ഇസ്‌ലാമിനെക്കുറിച്ചുള്ള അറിവില്ലായ്മയാണ് പലരും തെറ്റുധരിക്കുവാനുള്ള കാരണം. സത്യസന്ധമായും പ്രാമാണികമായും ഇസ്‌ലാമിനെ മനസ്സിലാക്കുവാനുള്ള ശ്രമമാണ് വേണ്ടത്. ദൗർഭാഗ്യവശാൽ അനേകം മതസംഘടനകൾ ഉണ്ടായിട്ടും തനതായ രൂപത്തിൽ ഇസ്‌ലാമിനെ ജനങ്ങളിലേക്കെത്തിക്കുവാൻ പലർക്കും സാധിക്കുന്നില്ല; അഥവാ അതിന് ശ്രമിക്കുന്നില്ല. വാമൊഴിയിലൂടെയാണെങ്കിലും വരമൊഴിയിലൂടെയാണെങ്കിലും സംഘടനാ താൽപര്യങ്ങൾക്കപ്പുറം പ്രമാണങ്ങളോട് പ്രതിബദ്ധത പുലർത്തി മതത്തെ ജനസമക്ഷം അവതരിപ്പിക്കുവാൻ പലർക്കും താൽപര്യമില്ല.

ഇവിടെയാണ് 'നേർപഥം' പ്രസക്തമാകുന്നത്. പ്രമാണങ്ങൾക്കൊപ്പം നിന്ന്, ഗുണകാംക്ഷയുടെ ശബ്ദത്തിൽ, ആർജവത്തോടെ മതത്തെ പരിചയപ്പെടുത്തുവാനും പഠിപ്പിക്കുവാനുമാണ് 'നേർപഥം' ശ്രമിക്കുന്നത്. ഒട്ടനവധി ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾക്കിടയിലേക്കാണ് എട്ടുവർഷം മുമ്പ് 'നേർപഥം' കടന്നുവന്നത്. അതിന്റെ വ്യതിരിക്തത ജനങ്ങൾ തിരിച്ചറിഞ്ഞുകഴിഞ്ഞു.

സമകാലിക സംഭവവികാസങ്ങളിലുള്ള ഇസ്‌ലാമിന്റെ നിലപാട് ഉടനടി ജനങ്ങളിലേക്കെത്തിക്കുന്നതിലും തീവ്രവാദ ചിന്താഗതികളെ നഖശിഖാന്തം എതിർക്കുന്നതിലും യുക്തിവാദത്തെ ചെറുക്കുന്നതിലും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പ്രതികരിക്കുന്നതിലും 'നേർപഥം' കാണിച്ച ജാഗ്രതയും ആർജവവും ചെറുതല്ല.

മൂസ സ്വലാഹി കാര
: 97473 45768



# മൗദൂദിയെ വഴിയിൽ ഉപേക്ഷിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്കാകുമോ?

ഇസ്‌ലാമിന്റെ പേരിൽ രാഷ്ട്രീയ സേവനം മുഖ്യ ലക്ഷ്യമായി എടുത്തിട്ടുള്ള ജമാഅത്തെ ഇസ്‌ലാമി അതിന്റെ പ്രവർത്തന പാതയിൽ എഴുപത്തിയഞ്ച് വർഷം തികച്ച് തുടരുകയാണ്. സ്ഥാപക നേതാവ് മൗദൂദി സാഹിബ് ഏതൊരു ആശയത്തിന്മേലാണോ ഈ സംവിധാനത്തെ കെട്ടിയുയർത്തിയത് അതിന്റെ നിലനിൽപിന്നും പ്രചാരണത്തിനും വേണ്ടി നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായി. ആദ്യമായി ചെയ്യേണ്ടത് 'ഹുകൂമത്തെ ഇലാഹി' (ദൈവിക ഭരണം) സ്ഥാപിക്കുകയാണ് എന്ന മൗദൂദിയൻ സിദ്ധാന്തം തെളിയിക്കാൻ വിശുദ്ധ ക്വുർആനെ തന്നെയും ധാരാളമായി ദുർവ്യാഖ്യാനിക്കേണ്ടിവന്നു. മൗദൂദിയുടെ സ്വപ്ന ആദർശം എന്തായിരുന്നു എന്നത് 'തഹ്‌രീക് ഔർ കാർകുൻ' (പ്രസ്ഥാനവും പ്രവർ ത്തകരും) എന്ന പുസ്തകത്തിൽ നിന്ന് നമുക്ക് വായിക്കാം:

"നമ്മുടെ പ്രബോധനത്തെ മുഖ്യമായും മൂന്നു പോയിന്റുകളിൽ സംക്ഷേപിക്കാം; ദൈവദാസന്മാരെ പൊതുവിലും പാരമ്പര്യ മുസ്‌ലിംകളെ വിശേഷിച്ചും അല്ലാഹുവിന്റെ അടിമത്തത്തിലേക്ക് ക്ഷണിക്കുകയാണ് ഒന്നാമത്" (പേജ് 13).

> ക്വുർആനിൽ വന്ന ഇബാദത്തിന് അനുസരണം, അടിമത്തം, ആരാധന എന്നിങ്ങനെ, അഹ്‌ലുസ്സുന്നയുടെ പാരമ്പര്യത്തിൽ ആരും നൽകാത്ത മൂന്ന് അർഥം നൽകി വിശദീകരിച്ചതാണോ 'നവ ജാഗരണത്തിന്റെ ആദ്യ സ്പന്ദനങ്ങൾ?' സൂറതുൽ ഫാതിഹയിലെ 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു' (ഇയ്യാക നഅ്ബുദു), അൽബക്വറയിലെ 'നിങ്ങളുടെ റബ്ബിനെ നിങ്ങൾ ആരാധിക്കുക' (ഉഅ്ബുദൂ റബ്ബകും) എന്നിവയിലാണ് അദ്ദേഹം പ്രധാനമായും ഈ അർഥവ്യത്യാസം നടത്തിയത്. ക്വുർആൻ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുവാനായി വന്ന നബി(സ്വ) പോലും പറയാത്ത അർഥം മൗദൂദി പറഞ്ഞപ്പോൾ അതാണ് ശരിയെങ്കിൽ യഥാർഥത്തിൽ ആർക്കാണ് ക്വുർആൻ തിരിഞ്ഞത്? നബിക്കോ, അതോ മൗദൂദിക്കോ?

ഇവിടെ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലേക്കുള്ള ഇസ്‌ലാമിന്റെ ക്ഷണത്തെ അടിമത്തത്തിലേക്കുള്ള ക്ഷണമാക്കി മാറ്റിയിരിക്കുന്നു!

പ്രവാചകന്മാരുടെ പ്രബോധനത്തിലെ മുഖ്യ വിഷയമായ തൗഹീദിനെയും ഇദ്ദേഹം അടിമത്തമാക്കി അവതരിപ്പിച്ചു.

"ക്വുർആനും അതിനു മുമ്പുള്ള മുഴുവൻ ദൈവിക ഗ്രന്ഥങ്ങളും മുഹമ്മദ് നബി(സ്വ)യുടെ ചര്യയും അദ്ദേഹത്തിനു മുമ്പ് ലോകത്തിന്റെ വിവിധ കോണുകളിൽ രംഗപ്രവേശം ചെയ്ത മുഴുവൻ പ്രവാചകന്മാരുടെ അധ്യാപനങ്ങളും നമ്മുടെ മുമ്പിലുണ്ട്. അവയെല്ലാം ഏകകണ്ഠമായി പ്രബോധനം ചെയ്ത ദൈവത്തിലുള്ള അടിമത്തം ഇപ്രകാരമാണ്..."(പേജ് 14).

പ്രവാചകന്മാർ വഴി കാണിച്ചതിനെപ്പറ്റി അല്ലാഹു പറയുന്നു: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്; നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)"(16:36).

രാഷ്ട്രീയരംഗത്തുള്ളആശയചർച്ചകളിൽ മൗദൂദിയൻ തത്ത്വം മുന്നിൽ വെച്ചുള്ള ചോദ്യങ്ങൾ ഇവർക്ക് നേരെ ഉന്നയിക്കപ്പെടുമ്പോൾ അനുഭവിക്കേണ്ടിവന്ന കുഴക്കും തളർച്ചയും തരണം ചെയ്യാൻ കഴിയാതെ 'ജമാഅത്തെ ഇസ്‌ലാമിയുടെ അടിസ്ഥാനം മൗദൂദിയല്ല' എന്ന മറുപടിയാണ് കേരള മജ്‌ലിസ് ശൂറാ ഇതിനായി കണ്ടെത്തിയത്. മൗദൂദിയെ വഴിയിലിട്ട് ഓടുകയും അദ്ദേഹത്തിന്റെ ആദർശം കൈക്കുമ്പിളിലാക്കുകയും ചെയ്യുന്ന ജമാഅത്തുക്കാരുടെ ഈ ദ്വിമുഖ സ്വഭാവം മത മര്യാദയല്ല.

**മൗദൂദിയെ ഒഴിവാക്കാനുള്ള ശ്രമം**

മുൻ അമീർ ടി.ആരിഫലി 2007ൽ നടത്തിയ പ്രസ്താവന വായിക്കാം: "സ്ഥാപക നേതാവ് മൗലാനാ മൗദൂദിയുടെ ആശയങ്ങളല്ല ജമാഅത്തെ ഇസ്‌ലാമി പ്രാവർത്തികമാക്കുന്നതെന്നും അദ്ദേഹത്തിന്റെ ആശയങ്ങൾ പ്രാവർത്തികമാക്കാൻ കഴിയില്ലെന്നും കേരളാ അമീർ ടി.ആരിഫലി. പ്രവാചകനും വിശുദ്ധ ഖുർആനുമാണ് ജമാഅത്തെ ഇസ്‌ലാമിയുടെ അടിസ്ഥാനം. മൗദൂദി ഒരു വ്യക്തിയാണ്'' (തേജസ് ദിനപത്രം, 30.12.2007).

നിലവിലെ അമീർ പി.മുജീബുറഹ്മാൻ സാഹിബിന്റെ കീഴിലുള്ള കേരള ഹൽഖയുടെ തീരുമാനം കൂടി വായിക്കാം:

"വിഭജനാനന്തരം ഒരു സ്വതന്ത്ര സംഘടനയായി രൂപം കൊണ്ട ഇന്ത്യൻ ജമാഅത്തെ ഇസ്‌ാമിയുമായി മൗദൂദിക്ക് സംഘടനാപരമായ ബന്ധങ്ങളൊന്നുമില്ല" (ഇസ്‌ലാം പ്രതിനിധാനത്തിന്റെ ഏഴരപ്പതിറ്റാണ്ട്, പേജ് 6).

"ഖുർആനും സുന്നത്തും അടിസ്ഥാനമായി സ്വീകരിച്ച ഒരു പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വ്യക്തികളുടെ ചിന്തകളും എഴുത്തുകളും അടിസ്ഥാന സ്രോതസ്സുകളെ കാലികമായി മനസ്സിലാക്കാനുള്ള ഉപാധികളിൽ കവിഞ്ഞ് ഒന്നുമല്ല. അത് ഏതെങ്കിലും ഒരു വ്യക്തിയിൽ മാത്രം കേന്ദ്രീകരിച്ച് നിൽക്കുന്നതുമല്ല'' (പേജ് 7).

മൗദൂദിയൻ ആദർശത്തെ ഒട്ടും ഇറക്കിവെക്കാതെ അതിനുള്ള സർവ പിന്തുണയും സാധ്യമാകുന്നത്ര ഉറപ്പിച്ചിട്ടാണ് ഇത്ര വാചാലരാകുന്നതും ഇതെല്ലാം എഴുതിവിടുന്നതും എന്ന കാര്യം അനുയായികൾ തിരിച്ചറിയുന്നില്ല.

ക്വുർആനും സുന്നത്തുമാണ് അടിസ്ഥാനമെന്ന അവകാശവാദവും അനവധി ആയത്തുകളുടെ അർഥത്തിൽ മൗദൂദി വരുത്തിയ മാറ്റവും വിശ്വസിക്കേണ്ട ഒട്ടേറെ ഹദീസുകളെ നിഷേധിച്ചതും ഇവരിപ്പോഴും അതേപടി സ്വീകരിച്ച് പോരുന്നതും എങ്ങനെയാണ് ഒത്തുപോകുന്നത്! സംഘടനയുടെ സ്ഥാപകന് അതുമായി ബന്ധമില്ലെന്ന് പറഞ്ഞൊഴിയു

ന്നതും വല്ലാത്തൊരു നിസ്സഹായാവസ്ഥ തന്നെയാണ്.

### ഒഴിവാക്കപ്പെട്ടത് മൗദൂദിയോ, ആശയമോ?

മൗദൂദിയെ തള്ളാൻ ജമാഅത്തുകാർക്ക് കഴിയില്ലെന്ന് തെളിയിക്കുന്ന തെളിവുകൾ കൂടി പരിശോധിക്കാം.

1947ൽ മദ്രാസിൽ വെച്ച് മൗദൂദി തന്റെ ആശയം വിളംബരം ചെയ്യാൻ നടത്തിയ പ്രഭാഷണത്തിൽ നിലവിലെ അമീർ അഭിമാനിക്കുന്നത് കാണുക: "സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്‌ലിംകൾ എങ്ങനെ മുന്നോട്ട് പോകണമെന്ന നഖചിത്രം മുന്നിൽ വെച്ച് സയ്യിദ് മൗദൂദിയുടെ മദ്രാസ് പ്രസംഗം ഒരാവൃത്തി കേട്ടിരുന്നെങ്കിൽ സമുദായത്തിന്റെയും രാജ്യത്തിന്റെയും ഭാഗധേയം മറ്റൊന്നാകുമായിരുന്നു" (പ്രബോധനം, 2023 സെപ്റ്റംബർ 1, പേജ് 22).

മദ്രാസ് പ്രസംഗത്തോടും അതിലെ പരാമർശിത വിഷയങ്ങളോടും വലിയ ഇഷ്ടം മനസ്സിലുള്ളത് കൊണ്ട് മാത്രം കൊടുത്ത അംഗീകാരമാണിത്.

അഭിവാദനങ്ങളുടെ കുത്തൊഴുക്കാണ് മൗദൂദിയുടെ പ്രവർത്തനങ്ങൾക്കുമേൽ ജമാഅത്തെ ഇസ്‌ലാമി ഇന്നും നടത്തിക്കൊണ്ടിരിക്കുന്നത്.

"ഇസ്‌ലാമിന്റെ ആശയാടിത്തറയിലാണ് മൗദൂദി ജമാഅത്തെ ഇസ്‌ലാമി കെട്ടിപ്പടുത്തത്" (ഏഴരപ്പതിറ്റാണ്ട്, പേജ് 6).

"20ാം നൂറ്റാണ്ടിന്റെ രണ്ടാം പാദം മുതൽ ഇസ്‌ലാമിക ലോകത്ത് അലയടിച്ചു തുടങ്ങിയ ഇസ്‌ലാമിക നവജാഗരണത്തിന്റെ പ്രധാന ശിൽപി" (പ്രസ്ഥാനവും പ്രവർത്തകരും, പേജ് 8).

"ലോക ഇസ്‌ലാമിക മുന്നേറ്റത്തിന് ഏറ്റവുമധികം സംഭാവനകളർപ്പിച്ച ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ പണ്ഡിതൻ അബുൽ അഅ്‌ലാ മൗദൂദിയാണ്. ഇന്ന് ലോകമെങ്ങും കാണപ്പെടുന്ന ഇസ്‌ലാമിക നവജാഗരണത്തിന്റെ ആദ്യ സ്പന്ദനങ്ങൾ മൗദൂദി കൃതികളാണ്" (പ്രബോധനം സ്പെഷ്യൽ പതിപ്പ് 2024, പേജ് 299).

> സലഫികളുടെ ആദർശ, പ്രമാണ നിലപാടുകളെ രൂക്ഷമായി വിമർശിക്കുകയും അവർ എന്തോ വലിയ പിഴവിൽ അകപ്പെട്ടവരാണെന്ന് വരുത്തിത്തീർക്കുകയും ചെയ്യുന്ന ഇക്കൂട്ടർക്ക് ആചാര്യനെ സംരക്ഷിക്കാൻ കഴിയുന്നില്ലെന്നതും ആദർശം നന്നായി പുറത്തെടുക്കാൻ കഴിയുന്നില്ലെന്നതും വല്ലാത്ത അപജയം തന്നെയാണ്. പ്രാമാണികമല്ലാത്ത നിലപാടുകൾ സ്വീകരിച്ച എല്ലാവരുടെയും അവസ്ഥ ഇതുതന്നെയാണെന്ന് വർത്തമാനകാല സംഭവവികാസങ്ങൾ വിളിച്ചുപറയുന്നുണ്ട്.

ഖുർആനിൽ വന്ന ഇബാദത്തിന് അനുസരണം, അടിമത്തം, ആരാധന എന്നിങ്ങനെ, അഹ്‌ലുസ്സുന്നയുടെ പാരമ്പര്യത്തിൽ ആരും നൽകാത്ത മൂന്ന് അർഥം നൽകി വിശദീകരിച്ചതാണോ 'നവ ജാഗരണത്തിന്റെ ആദ്യ സ്പന്ദനങ്ങൾ?' സൂറതുൽ ഫാതിഹയിലെ 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു' (ഇയ്യാക നഅ്ബുദു), അൽബഖറയിലെ 'നിങ്ങളുടെ റബ്ബിനെ നിങ്ങൾ ആരാധിക്കുക' (ഉഅ്ബുദൂ റബ്ബകും) എന്നിവയിലാണ് അദ്ദേഹം പ്രധാനമായും ഈ അർഥവ്യത്യാസം നടത്തിയത്. ഖുർആൻ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുവാനായി വന്ന നബി(സ) പോലും പറയാത്ത അർഥം മൗദൂദി പറഞ്ഞപ്പോൾ അതാണ് ശരിയെങ്കിൽ യഥാർഥത്തിൽ ആർക്കാണ് ഖുർആൻ തിരിഞ്ഞത്? നബിക്കോ, അതോ മൗദൂദിക്കോ? ഉത്തമ തലമുറയിൽ പെട്ടവർ ഗ്രഹിക്കാത്തത് ഇദ്ദേഹം ഗ്രഹിച്ചു എന്നാണോ? അല്ലാഹു പറയുന്നു: "അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ചു പോയിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കികൊടുക്കുവാൻ വേണ്ടിയും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചുതന്നത്" (16:64).

ജമാഅത്തുകാർ അവരുടെ വലിയ നേട്ടമായി കാണുന്നതാണ് മൗദൂദിയുടെ തഫ്ഹീമുൽ ഖുർആൻ ഉറുദുവിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം നടത്താൻ കഴിഞ്ഞത്. പ്രബോധനം വാരികയിൽ 1998 ഡിസംബർ വരെ അത് പൂർണമായും പ്രസിദ്ധീകരിച്ചു. ജമാഅത്തെ ഇസ്‌ലാമിക്കാർ ഖുർആൻ പഠനത്തിന് അവലംബിക്കുന്നതും പള്ളികളിൽ വായിക്കുന്നതുമായ ഈ തഫ്സീറിനെ പരിചയപ്പെടുത്തിയത് കാണുക:

"വിശുദ്ധ ഖുർആനിന്റെ ആശയവും സന്ദേശവും ഗ്രഹിക്കാൻ ഉദ്ദേശിക്കുന്ന ഓരോ വ്യക്തിയുടെ വീട്ടിലും തഫ്ഹീമുൽ ഖുർആന്റെ സമ്പൂർണ

സെറ്റ് ഉണ്ടായിരിക്കണം'' (പ്രബോധനം, 1998 സെപ്തംബർ 19, പേജ് 15).

"മാനവരാശിയുടെ മാർഗദർശനാർഥം പ്രപഞ്ചനാഥൻ അവതരിപ്പിച്ച ഖുർആൻ എന്തെന്ന് അവരെ ഗ്രഹിപ്പിക്കാനുള്ള ഒരു ശ്രമമാണ് മൗലാനാ അബുൽ അഅ്‌ലാ മൗദൂദി തഫ്ഹീമുൽ ഖുർആനിലൂടെ നടത്തിയിട്ടുള്ളത്" (പേജ് 12).

തഫ്ഹീമിന്റെ ലക്ഷ്യം മൗദൂദി തന്നെ പറഞ്ഞത് നോക്കൂ: "ഈ ഗ്രന്ഥം വായിക്കുന്ന സാധാരണക്കാരന് ഖുർആന്റെ സന്ദേശങ്ങളും ആശയങ്ങളും വ്യക്തമായി മനസ്സിലാവുകയും ഖുർആൻ അയാളിൽ ഉളവാക്കാനുദ്ദേശിക്കുന്ന സ്വാധീനം ഉളവാക്കുകയും ചെയ്യുക എന്നതാണ് എന്റെ ലക്ഷ്യം" (പേജ് 13).

മൗദൂദിയെ ഒഴിവാക്കാൻ തത്രപ്പെടുന്ന ഈ വേളയിലും അദ്ദേഹത്തിന്റെ തഫ്സീറിന് 'പ്രശസ്തി പത്രം' നൽകുന്നതിൽ യാതൊരു കുറവുമില്ല: "വിശുദ്ധ ഖുർആനിന്റെ ആന്തരികസത്ത മനസ്സിന്റെ അകത്തളങ്ങളിൽ ആഴ്ന്നിറങ്ങിയത് പ്രബോധനത്തിന്റെ ഉൾത്താളുകളിൽ നിന്നായിരുന്നു. മൗലാനാ മൗദൂദിയുടെ ഖുർആൻ വ്യാഖ്യാനമായ തഫ്ഹീമുൽ ഖുർആൻ കണ്ടപ്പോഴേ കൊതിച്ചതാണ് ആ വാല്യങ്ങൾ സ്വന്തമാക്കണമെന്ന്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് സാധിച്ചു" (പ്രബോധനം, 2025 ജനുവരി 3, പേജ് 5).

ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസത്തിൽനിന്ന് സമൂഹത്തെ തെറ്റിക്കാൻ പഴുതുകളുള്ള ഈ തഫ്സീറിനെ ഇത്തരത്തിൽ ഉയർത്തിക്കാണിക്കുന്ന ഇവർ മൗദൂദിയുടെ ആശയത്തിലല്ലെന്ന് എങ്ങനെ പറയും? ഇപ്പോഴും ഈ തഫ്സീർ വായിക്കുന്നവർക്ക് ആ തെറ്റുകൾ ആരാണ് തിരുത്തിക്കൊടുക്കുക! മൗദൂദിയുടെ ആദർശം ഞങ്ങൾക്കില്ലെന്നു പറയുന്നത് മുഖം രക്ഷിക്കാനുള്ള വെറും വാക്ക് മാത്രമാണ്.

സംഘടനയിൽ അംഗത്വത്തിന് അപേക്ഷിക്കുന്നവർ നിർബന്ധമായും വായിക്കേണ്ട പുസ്തകങ്ങൾ ഏതൊക്കെയെന്ന് സംഘടനാ മാർഗരേഖ 2023-25 വരെയുള്ളതിലൂടെ പുറത്ത് വിട്ടത് കാണുക:

"അംഗത്വാപേക്ഷകർ നിർബന്ധമായും വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ: റൂദാദ് ജമാഅത്തെ ഇസ്‌ലാമി ഭാഗം 1-5, ഖുതുബാത്ത്, സത്യസാക്ഷ്യം, പ്രസ്ഥാനവും പ്രവർത്തകരും, ഇസ്‌ലാമും ജാഹിലിയ്യത്തും, ഇസ്‌ലാമിന്റെ ജീവിതവ്യവസ്ഥ, ഇസ്‌ലാമും സംഘടിത ജീവിതവും" (പേജ് 27).

"താഴെ പറയുന്ന പുസ്തകങ്ങൾ വായിക്കൽ അഭികാമ്യമാണ്. രക്ഷാസരണി, സത്യമാർഗം, ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം, മരണാനന്തര ജീവിതം, ഇസ്‌ലാമിന്റെ സന്ദേശം, ഖുർആനിലെ നാലു സാങ്കേതിക ശബ്ദങ്ങൾ" (പേജ് 28).

മൗദൂദിയുടെ തലതിരിഞ്ഞ വിശ്വാസവും തെറിച്ച ചിന്തകളും നിറഞ്ഞ് കിടക്കുന്ന ഈ പുസ്തകങ്ങൾ ഓരോരുത്തരെക്കൊണ്ടും നിർബന്ധിച്ച് വായിപ്പിക്കുന്നതിലെ രഹസ്യവും യുക്തിയും മൗദൂദിയുടെ ആശയം അവരിൽ വേരൂന്നണം എന്നല്ലാതെ മറ്റെന്താണ്? കേവല മലയാള സാഹിത്യ വായനയാണെങ്കിൽ അതിന് മറ്റു പലതുമുണ്ടല്ലോ! മൗദൂദിയെന്ന വ്യക്തിയെയോ അദ്ദേഹം വാർത്തെടുത്ത ആദർശത്തെ ജമാഅത്തെ ഇസ്‌ലാമിയിൽനിന്ന് അടർത്തിമാറ്റാൻ സാധിക്കില്ലെന്നതാണ് ഈ തെളിവുകളെല്ലാം പറയുന്നത്. അമീറടക്കമുള്ളവർ വളച്ചുതിരിച്ച് പറയുന്ന മറുപടികൾക്ക് പകരം ഇന്നും അവശേഷിക്കുന്ന ഈ രേഖകൾ എന്ത് ചെയ്യുമെന്നറിയാനാണ് സമൂഹം കാത്തിരിക്കുന്നത്. എങ്കിൽ മാത്രമെ ആദർശം വേറിട്ട് കാണുകയുള്ളൂ.

സലഫികളുടെ ആദർശ, പ്രമാണ നിലപാടുകളെ രൂക്ഷമായി വിമർശിക്കുകയും അവർ എന്തോ വലിയ പിഴവിൽ അകപ്പെട്ടവരാണെന്ന് വരുത്തിത്തീർക്കുകയും ചെയ്യുന്ന ഇക്കൂട്ടർക്ക് ആചാര്യനെ സംരക്ഷിക്കാൻ കഴിയുന്നില്ലെന്നതും ആദർശം നന്നായി പുറത്തെടുക്കാൻ കഴിയുന്നില്ലെന്നതും വല്ലാത്ത അപജയം തന്നെയാണ്. പ്രാമാണികമല്ലാത്ത നിലപാടുകൾ സ്വീകരിച്ച എല്ലാവരുടെയും അവസ്ഥ ഇതു തന്നെയാണെന്ന് വർത്തമാന കാല സംഭവവികാസങ്ങൾ വിളിച്ചുപറയുന്നുണ്ട്.

അല്ലാഹു പറയുന്നു: "അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് അവർക്കിടയിൽ നീ വിധികൽപിക്കുകയും, അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റാതിരിക്കുകയും, അല്ലാഹു നിനക്ക് അവതരിപ്പിച്ചുതന്ന വല്ല നിർദേശത്തിൽ നിന്നും അവർ നിന്നെ തെറ്റിച്ചുകളയുന്നതിനെപ്പറ്റി നീ ജാഗ്രത പുലർത്തുകയും ചെയ്യണമെന്നും (നാം കൽപിക്കുന്നു). ഇനി അവർ പിന്തിരിഞ്ഞ് കളയുകയാണെങ്കിൽ നീ മനസ്സിലാക്കണം; അവരുടെ ചില പാപങ്ങൾ കാരണമായി അവർക്ക് നാശം വരുത്തണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നതെന്ന്. തീർച്ചയായും മനുഷ്യരിൽ അധികപേരും ധിക്കാരികളാകുന്നു" (ക്വുർആൻ 5:49). ■

ഡോ. അബ്ദുല്ലാ ബാസിൽ സിപി
: 87141 74330



വെറുപ്പുൽപാദനത്തിന്റെ അനന്തരഫലം എത്ര ഭയാനകമാണെന്നതിന്റെ ചോരയുണങ്ങാത്ത ഉദാഹരണമാണ് മഗ്ഡിബർഗ് ക്രിസ്മസ് മാർക്കറ്റ് ആക്രമണം. എക്സ് മുസ്‌ലിംകളും വലത് തീവ്രവാദികളും നവനാസ്തികരുമെല്ലാം വരച്ചിടുന്ന മുസ്‌ലിം വിരുദ്ധത മഹാമാരിയായി മാറുന്നതിന് മുമ്പ് നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ രാജ്യവും അരാജകത്വത്തിൽ ചെന്നുചാടുമെന്നതിൽ സംശയമില്ല.

## EX മുസ്‌ലിം ഭീകരാക്രമണം

# മുസ്‌ലിം വിരുദ്ധത ജീവനെടുക്കുമ്പോൾ!

ഈ കഴിഞ്ഞ ഡിസംബർ 20നാണ് ജർമനിയെയും ലോകത്തെ മൊത്തത്തിലും ഞെട്ടിച്ച മഗ്ഡിബർഗ് ക്രിസ്മസ് മാർക്കറ്റ് ആക്രമണം നടന്നത്. അഞ്ചു പേർ കൊല്ലപ്പെടുകയും ഇരുന്നൂറോളം പേർക്ക് പരിക്കേൽക്കുകയും ചെയ്ത ഈ ഭീകരാക്രമണത്തെ പറ്റിയുള്ള അന്വേഷണങ്ങൾ ഞെട്ടിക്കുന്ന ചില തിരിച്ചറിവുകളിലേക്കാണ് നമ്മെ നയിക്കുന്നത്. നമ്മുടെ നാട്ടിലടക്കം വെറുപ്പിനെയും വിദ്വേഷത്തെയും നിയന്ത്രിക്കാൻ അധികാരികൾ തയാറായായില്ലെങ്കിലെന്ത് എന്നതിന്റെ ഉത്തരമാണ് ജർമൻ ഭീകരാക്രമണം.

ഡോ. ത്വാലിബ് അബ്ദുൽ മുഹ്സിൻ എന്ന അമ്പത് വയസ്സുകാരനായ മുൻ സൗദി പൗരനാണ് ആക്രമണത്തിന് പിന്നിൽ. വാടകയ്ക്ക് എടുത്ത ബി.എം.ഡബ്ല്യു കാർ നൂറുകണക്കിന് ആളുകളുടെ ഇടയിലേക്ക് ഓടിച്ചു കയറ്റിയായിരുന്നു ഇയാൾ ഈ ക്രൂരത ചെയ്തത്. ഇയാൾ ആരാണ്, എന്തിനിത് ചെയ്തു എന്നന്വേഷിക്കാൻ സാവകാശം കാണിക്കാതെ മുസ്‌ലിം പേരും സൗദി വേരും കണ്ടപ്പോൾ നേരെ ഇസ്‌ലാമിന് നേരെ കുരച്ചുചാടിയവരിൽ ആഗോള ജീനിയസ്



ഇലോൺ മസ്ക്ക് മുതൽ നമ്മുടെ നാട്ടിലെ നവ നാസ്തികരും കാസാ ഭീകരവാദികളും വരെയുണ്ട്. പക്ഷേ, ഈ ഭീകരവാദിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുറത്തുവന്നപ്പോഴാണ് ചിത്രം മാറിയത്.

ഈ ഭീകരൻ ഇസ്‌ലാം മത വിശ്വാസിയല്ലെന്ന് മാത്രമല്ല, അതിശക്തമായി ഇസ്‌ലാമിനെ വിമർശിക്കുന്ന, മുസ്‌ലിംകൾക്കെതിരെ വിദ്വേഷം പ്രചരിപ്പിക്കാൻ സജീവമായി സോഷ്യൽ മീഡിയ ഉപയോഗിക്കുന്ന ഒരു എക്സ് മുസ്‌ലിം നാസ്തികനാണ്! എക്സ് മുസ്‌ലിമായി ഇസ്‌ലാമിനെ വിമർശിക്കുക മാത്രമല്ല, ഗൾഫ് രാജ്യങ്ങളിൽ നിന്ന് ഇസ്‌ലാം ഉപേക്ഷിക്കുന്ന ചെറുപ്പക്കാരെ യൂറോപ്യൻ രാജ്യങ്ങളിലേക്ക് 'രക്ഷപ്പെടാൻ' സഹായിക്കാനായി ഒരു വെബ്സൈറ്റ് തന്നെ നടത്തിക്കൊണ്ടിരിക്കുന്ന വ്യക്തിയാണ് ഇദ്ദേഹം. ഇങ്ങനെയുള്ള 'മഹത്തായ' സേവനങ്ങൾ ഇയാൾ ചെയ്യുന്നുണ്ടെന്ന് പറഞ്ഞ് ബി.ബി.സിയിൽ അടക്കം ഇയാൾ ഫീച്ചർ ചെയ്യപ്പെട്ടിട്ടുമുണ്ട്!

ഇങ്ങനെയുള്ള ഇയാൾ എങ്ങനെയാണ് ഇത്തരമൊരു ഭീകരാക്രമണത്തിലേക്ക് എത്തുന്നത് എന്ന ചോദ്യത്തിനുള്ള ഉത്തരവും ഇയാളുടെ എക്സ് പ്രൊഫൈൽ പരിശോധിച്ചാൽ ലഭിക്കും. സൗദിയിൽ നിന്നും മറ്റ് ഗൾഫ് രാജ്യങ്ങളിൽ നിന്നും എക്സ് മുസ്‌ലിംകളെ യൂറോപ്പിലേക്ക് കടത്തുന്ന ഇയാളുടെ പ്രധാന വിരോധം സൗദിയോടാണ്. സൗദി തന്നെയും മതം ഉപേക്ഷിച്ചവരെയും വേട്ടയാടുന്നു എന്നും, ജർമനി അതിനു കൂട്ടുനിൽക്കുന്നു എന്നുമാണ് ഇയാളുടെ പക്ഷം. അതിനപ്പുറത്തേക്ക് അഭയാർഥികളെ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടും മറ്റുമുള്ള ജർമനിയുടെ നയങ്ങൾ കൂടിയായപ്പോൾ 'ജർമനി യൂറോപ്പിനെ ഇസ്‌ലാമാക്കാൻ പരിശ്രമി

ക്കുന്നു' എന്നതിലേക്ക് എത്തി ഇയാളുടെ പരാതികൾ. കുടിയേറ്റ വിരുദ്ധവും മുസ്‌ലിം വിരുദ്ധവുമായ ഭ്രാന്ത് കയറി പിന്നീടിയാൾ അവിടെയുള്ള എഎഫ്ഡി എന്ന വലതുപക്ഷ തീവ്രസംഘടനയുടെ അനുഭാവിയായി മാറുന്നുണ്ട്.

ഇങ്ങനെ മുസ്‌ലിംകളോടും സൗദിയോടുമുള്ള വിയോജിപ്പ് പതിയെ 'ഇസ്‌ലാം പ്രചരിപ്പിക്കാൻ സഹായിക്കുന്ന' ജർമൻ അധികാരികളോടും ജർമൻ ജനതയോടും കൂടിയായി വളരുകയായിരുന്നു. ഇക്കാര്യങ്ങൾ വിശദീകരിച്ച് ഇയാൾ എഴുതിയ ദീർഘമായ ട്വീറ്റിൽ ഇങ്ങനെ വായിക്കാം: "ജർമനിയുടെ ലക്ഷ്യം വളരെ വ്യക്തമാണ്, അത് യൂറോപ്പിൽ ഇസ്‌ലാം പ്രചരിപ്പിക്കുക എന്നതാണ്. ഇസ്‌ലാമിനെതിരായ സംഘങ്ങളിലേക്ക് നുഴഞ്ഞു കയറ്റക്കാരെ അയച്ചുകൊണ്ടും മറ്റും ഇസ്‌ലാമിന് എതിരായ ഞങ്ങളുടെ നീക്കങ്ങളെ തകർക്കാനാണ് അവർ ശ്രമിക്കുന്നത്. ഇത്തരക്കാരെ തുറന്നു കയറ്റുന്നത് തടയാൻ വൃത്തികെട്ട വഴികളാണ് അവർ സ്വീകരിക്കുന്നത്. സൗദിയിലെ മുസ്‌ലിംകളുടെ ആദ്യ മുന്നേറ്റം വിജയകരമായപ്പോൾ അതിനെയും തകർക്കാൻ ശ്രമിക്കുകയാണ് അവർ!"

ഇങ്ങനെ ജർമനിക്കെതിരായി ആരോപണങ്ങൾ ഉന്നയിക്കുക മാത്രമല്ല, നേർക്കുനേർ യുദ്ധപ്രഖ്യാപനം തന്നെ നടത്തുന്നുണ്ട് ഇയാൾ!: 'ജർമനിക്ക് വേണ്ടത് ഒരു യുദ്ധമാണെങ്കിൽ ഞങ്ങൾ അതിനും തയാറാണെന്ന് ഞാൻ ഉറപ്പു നല്കുന്നു. ജർമനി ഞങ്ങളെ കൊല്ലാനാണ് ശ്രമിക്കുന്നതെങ്കിൽ ഞങ്ങൾ അവരെ കശാപ്പ് ചെയ്യുകയോ മരിക്കുകയോ അഭിമാനത്തോടെ ജയിലിൽ പോവുകയോ ചെയ്യും. പരിഹാരത്തിനുള്ള സമാധാനപരമായ എല്ലാ വഴികളും അടഞ്ഞിരിക്കുകയാണ്. പോലീസിൽ നിന്നും നിയമകൂടത്തിൽ നിന്നും പ്രോസിക്യൂഷന്റെ ഭാഗത്ത് നിന്നും മിനിസ്ട്രിയിൽ നിന്നുമെല്ലാം ഞങ്ങൾ കൂടുതൽ പ്രയാസങ്ങളാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇവരുമായി സമാധാനം കൊണ്ടൊരു കാര്യവുമില്ല!'

> തങ്ങൾ നടത്തുന്നത് കേവലം വിമർശനം മാത്രമാണെന്നും തങ്ങൾ ഭീകരവാദികൾ അല്ലെന്നുമാണ് ഏകദേശമെല്ലാ മുസ്‌ലിം വിരുദ്ധ സംഘങ്ങളുടെയും അവകാശവാദം. എന്നാൽ മുസ്‌ലിംകൾ വിശ്വസിച്ചു പോരുന്ന ക്വുർആനും അവർ മാതൃകയാക്കുന്ന പ്രവാചകനും അവരുടെ മതനിയമങ്ങളുമെല്ലാം അവരെ ഭീകരരാക്കും, ഏത് സമയവും അവർ പൊട്ടിത്തെറിച്ചേക്കാം എന്നുള്ള ഭയവ്യാപാരവും ഇവർ തന്നെ നിരന്തരം നടത്തുകയും ചെയ്യും! തങ്ങളെ കൊല്ലാനും ഇല്ലാതാക്കാനും പറയുന്ന മതം അനുഷ്ഠിക്കുന്ന ഒരു വിഭാഗം ജനതയാണ് തങ്ങൾക്ക് ചുറ്റിലും ജീവിക്കുന്നത് എന്ന് നിരന്തരം കേട്ടാൽ ആർക്കാണ് പേടി തോന്നാതിരിക്കുക? അവരെ ഇല്ലാതാക്കണം, അവർക്ക് സൗകര്യങ്ങൾ ഒരുക്കുന്ന അധികാരികളെ പാഠം പഠിപ്പിക്കണം എന്ന് ജർമനിയിലെ എക്സ് മുസ്‌ലിം ഭീകരന് തോന്നിയതുപോലെ തോന്നുക എന്നതും ഇതിന്റെ ഒരു സ്വാഭാവിക പരിണിതി മാത്രമാണ്.

അഥവാ, ഇസ്‌ലാമിനെ പ്രചരിപ്പിക്കാൻ ജർമനി കൂട്ടുനിൽക്കുന്നുവെന്നും എക്സ് മുസ്‌ലിംകളെ ഉപദ്രവിക്കാൻ അവർ ശ്രമിക്കുന്നുവെന്നും അത് അവസാനിപ്പിച്ചില്ലെങ്കിൽ സമാധാനപരമല്ലാത്ത വഴികളിലൂടെ തന്നെ പരിഹാരം കാണാൻ ശ്രമിക്കുമെന്നും നേർക്കുനേർ പ്രഖ്യാപിക്കുകയാണ് ഈ ഭീകരൻ. ഇങ്ങനെ ജർമൻ അധികാരികളോടുള്ള പകയും വിദ്വേഷവും ഇയാൾ തീർത്തതാകട്ടെ നിരപരാധികളായ മനുഷ്യരുടെ ജീവനെടുത്തുകൊണ്ടും!

എങ്ങനെയാണ് ഒരു ഡോക്ടറായ ഒരു അമ്പതുകാരന് ഇത്രമേൽ ക്രൂരമായി ചിന്തിക്കാനാവുക എന്ന് പരിശോധിക്കുമ്പോഴാണ് നിരന്തരമായ വെറുപ്പുൽപാദനം മനുഷ്യനെ ഏത് രീതിയിലാണ് ബാധിക്കുക എന്ന് മനസ്സിലാവുക. രാവിലെ ഉണർന്നത് മുതൽ ഉറങ്ങുന്നത് വരേക്കും ഇയാൾ സോഷ്യൽ മീഡിയയിലൂടെ മുസ്‌ലിംകൾക്ക് എതിരായും ഇസ്‌ലാമിനെതിരായും നിരന്തരം പോസ്റ്റുകൾ ഇട്ടുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ, ഒരു ജനവിഭാഗത്തെ തന്നെ അപരവൽകരിക്കുകയും മോശക്കാരാക്കുകയും ചെയ്തുകൊണ്ടേയിരിക്കുമ്പോൾ അവരെയും അവരെ സഹായിക്കുന്നുവെന്ന് ഇയാൾ




ക്ക് തോന്നുന്ന അധികാരികളെയും ഏത് വിധേന യും പാഠം പഠിപ്പിക്കണം എന്ന മാനസികാവസ്ഥ യിലേക്ക് ഇയാൾ ചെന്നെത്തുന്നു!

ഈ സംഭവശേഷം പലരും പങ്കുവെച്ച ഒരു ചിന്ത ജർമൻ അധികാരികളുടെ ഉദാസീനതയായിരുന്നു. ഇത്രമേൽ പച്ചയായി ഇദ്ദേഹം വെറുപ്പും വിദ്വേഷ വും പ്രചരിപ്പിച്ചിട്ടും അക്രമത്തിന്റെ വഴിയടക്കം സ്വീകരിക്കുമെന്ന് വിളിച്ചു പറഞ്ഞിട്ടും എന്തുകൊ ണ്ട് അധികാരികൾ നടപടിയെടുത്തില്ല എന്നതാ ണ് പലരും ഉന്നയിക്കുന്ന ചോദ്യം. പാശ്ചാത്യൻ ചിന്തകളുടെ ആണിക്കല്ലായ 'ആവിഷ്കാര സ്വാത ന്ത്ര്യ'ത്തിന്റെ പരിധിയിൽ വരുന്നത് കൊണ്ടായിരി ക്കും എന്ന് ഊഹിക്കാമെങ്കിലും അതിന്റെ ഒരു പ്ര ശ്നമാണ് ഇവിടെ വ്യക്തമാകുന്നത്. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ എന്ത് വെറുപ്പും വിദ്വേ ഷവും വിളിച്ചു പറയാനുള്ള സ്വാതന്ത്ര്യം അനുവ ദിക്കുമ്പോൾ ഇങ്ങനെയുള്ള പര്യവസാനങ്ങളിലേ ക്കാണ് പലപ്പോഴും അത് എത്തിച്ചേരുക. വെറുപ്പും വിദ്വേഷവും പ്രചരിപ്പിക്കാൻ സ്വാതന്ത്ര്യം നല്കുന്നതി ലൂടെ ഒരു സമൂഹം പുരോഗമിക്കുകയല്ല; അധ:പ തിക്കുകയാണ് ചെയ്യുക എന്നത് തീർച്ച!

വെറുപ്പുൽപാദനവും മുസ്‌ലിം വിരുദ്ധതയും ജനങ്ങളുടെ ജീവനെടുക്കുന്നത് ഇതാദ്യമോ ഒറ്റ പ്പെട്ട സംഭവമോ അല്ല. യൂറോപ്പിലും അമേരിക്ക യിലുമെല്ലാം വർധിച്ചു വരുന്ന മുസ്‌ലിം വിരുദ്ധ മനോഭാവവും അതിനെ തുടർന്നുണ്ടാകുന്ന ആക്ര മണങ്ങളും വലിയ ചർച്ചയാണ്. ഇതിനെ തുടർന്നാ ണ് ഐക്യരാഷ്ട്ര സഭ മാർച്ച് 15നെ അന്താരാഷ്ട്ര ഇസ്‌ലാമോഫോബിയ വിരുദ്ധ ദിനമായി ആചരിക്കാൻ പോലും തീരുമാനിച്ചത്.

ഏതാനും വർഷങ്ങൾക്ക് മുൻപാണ് ന്യൂസിലാൻഡിലെ ക്രൈസ്റ്റ് ചർച്ചിൽ ബ്രണ്ടൻ ടാരന്റ് എന്ന ഭീകരവാദി മുസ്‌ലിം പള്ളി യിലേക്ക് കയറിച്ചെന്ന്, പ്രാർഥി ക്കുകയായിരുന്ന വിശ്വാസിക ളെ കൂട്ടക്കൊല ചെയ്തത്. തന്റെ ഫേസ്ബുക്കിൽ ലൈവായി ഈ ക്രൂരകൃത്യം അയാൾ സംപ്രേക്ഷ ണം ചെയ്യുകയും എന്തുകൊ ണ്ട് താനിത് ചെയ്യുന്നു എന്ന് വിശദീകരിച്ചുകൊണ്ടുള്ള ഒരു മാനിഫെസ്റ്റോ പുറത്തിറക്കുക യും ചെയ്തു. അതിലും മുസ്‌ലിം വിരുദ്ധ വംശീയതയുടെ ഭീകര മുഖമാണ് ലോകത്തിനു വായി ക്കാൻ സാധിച്ചത്. മുസ്‌ലിംകൾ യൂറോപ്പിനെയും സഹോദര രാ ജ്യങ്ങളെയും നശിപ്പിക്കുമെന്നും, അവർ പെറ്റുപെരുകുകയാണെ ന്നും ഇങ്ങനെ തുടർന്നാൽ യൂ റോപ്പ് ഇസ്‌ലാം ആകുമെന്നും അത് ഏത് വിധേനയും തടയ ണമെന്നുമാണ് അയാൾക്കും പറയാനുണ്ടായിരുന്നത്! നമ്മു ടെ നാട്ടിലെ മുസ്‌ലിം വിരുദ്ധർ ഉപയോഗിക്കുന്ന അതേ വാചക ങ്ങൾ, അതേ ആശയങ്ങൾ!

തങ്ങൾ നടത്തുന്നത് കേവലം വിമർശനം മാത്രമാണെന്നും തങ്ങൾ ഭീകരവാദികൾ അല്ലെ ന്നുമാണ് ഏകദേശമെല്ലാ മുസ്‌ലിം വിരുദ്ധ സംഘങ്ങളുടെ യും അവകാശവാദം. എന്നാൽ മുസ്‌ലിംകൾ വിശ്വസിച്ചു പോ രുന്ന ഖുർആനും അവർ മാതൃ കയാക്കുന്ന പ്രവാചകനും അവ രുടെ മതനിയമങ്ങളുമെല്ലാം അവരെ ഭീകരരാക്കും, ഏത് സമ യവും അവർ പൊട്ടിത്തെറിച്ചേ ക്കാം എന്നുള്ള ഭയവ്യാപാരവും

ഇവർ തന്നെ നിരന്തരം നടത്തുകയും ചെയ്യും! തങ്ങളെ കൊല്ലാനും ഇല്ലാതാക്കാനും പറയുന്ന മതം അനുഷ്ഠിക്കുന്ന ഒരു വിഭാഗം ജനതയാണ് തങ്ങൾക്ക് ചുറ്റിലും ജീവിക്കുന്നത് എന്ന് നിരന്തരം കേട്ടാൽ ആർക്കാണ് പേടി തോന്നാതിരിക്കുക? അവരെ ഇല്ലാതാക്കണം, അവർക്ക് സൗകര്യങ്ങൾ ഒരുക്കുന്ന അധികാരികളെ പാഠം പഠിപ്പിക്കണം എന്ന് ജർമനിയിലെ എക്സ് മുസ്‌ലിം ഭീകരന് തോന്നിയതുപോലെ തോന്നുക എന്നതും ഇതിന്റെ ഒരു സ്വാഭാവിക പരിണിതി മാത്രമാണ്.

ഇന്ത്യയിൽ സംഘപരിവാറിന്റെ നേതൃത്വത്തിൽ നടന്ന മുസ്‌ലിം വിരുദ്ധ - ഇസ്‌ലാം വിരുദ്ധ പ്രചാരണങ്ങൾ എത്രപേരുടെ ജീവനെടുത്തു എന്നതിന് നമ്മുടെ രാജ്യം സാക്ഷിയാണ്. ഗുജറാത്തിന്റെയും ഡെൽഹിയുടെയുമെല്ലാം തെരുവുകൾക്ക് ഈ വിദ്വേഷപ്രചാരണം കൊണ്ടുണ്ടാകുന്ന ഭീകരതയുടെ ഒരായിരം കഥകൾ പറയാനുണ്ടാകും.

അമേരിക്കയിൽ മാത്രം മുസ്‌ലിം വിരുദ്ധ സംഘങ്ങളുടെ എണ്ണത്തിൽ വലിയ വർധനവാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. 2010ൽ കേവലം അഞ്ച് മുസ്‌ലിം വിരുദ്ധ സംഘങ്ങൾ ഉണ്ടായിരുന്നിടത്തു നിന്ന് 2016 ആകുമ്പോഴേക്ക് 101 വിദ്വേഷസംഘങ്ങളിലേക്ക് അത് ഉയർന്നു എന്ന കണക്ക് വായിക്കുമ്പോൾ ഈ സോഷ്യൽ മീഡിയാ വെറുപ്പുൽപാദനം എത്രവലിയ സാമൂഹ്യ വിപത്താണ് എന്ന് ബോധ്യപ്പെടും. എഫ് ബിഐയുടെ ഹെറ്റ് ക്രൈം കണക്കുകൾ പ്രകാരം 2015ൽ മാത്രം 257 മുസ്‌ലിം വിരുദ്ധ ആക്രമണങ്ങളാണ് അമേരിക്കയിൽ മാത്രം രേഖപ്പെടുത്തപ്പെട്ടത്. 2016 ആകുമ്പോഴേക്ക് അത് പെട്ടെന്ന് 307 ആക്രമണങ്ങളായി ഉയരുകയും ചെയ്തു! ഒറ്റ വർഷം മാത്രം മുസ്‌ലിം പള്ളികൾക്ക് നേരെ 78 ആക്രമണസംഭവങ്ങളാണ് അമേരിക്കയിൽ റിപ്പോർട്ട് ചെയ്തത്!

ഇതെല്ലാം സൂചിപ്പിക്കുന്നത് ഒരു ലളിതമായ ഒരു യാഥാർഥ്യത്തിലേക്കാണ്. നിരന്തരമായി ഒരു സമുദായത്തെയും മതത്തെയും ആക്രമിക്കാനും അവർക്കെതിരെ പ്രചാരണം നടത്താനും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പേരിൽ അനുവദിച്ചാൽ അവിടെയുണ്ടാവുക ഇത്തരത്തിലുള്ള വെറുപ്പ് നിറഞ്ഞ അന്തരീക്ഷവും അതിനെ തുടർന്ന് ഭീകരാക്രമണങ്ങളും അക്രമപരമ്പരകളും കലാപങ്ങളുമാണ്. വൈകീട്ട് ജോലി കഴിഞ്ഞെത്തിയാൽ യൂടൂബ് തുറന്ന് വിദ്വേഷം വിളമ്പുകയും അത് ആസ്വദിച്ച് കേട്ടിരിക്കുകയും ചെയ്യുന്ന പ്രവണത നമ്മുടെ നാട്ടിൽ വ്യാപകമാവുമ്പോൾ സാമൂഹ്യ പ്രതിബദ്ധതയുള്ളവർക്ക് ഒരുപാട് ദൗത്യങ്ങളുണ്ട്.

ഇത്തരത്തിൽ എക്സ് മുസ്‌ലിംകളും വലത് തീവ്രവാദികളും നവനാസ്തികരുമെല്ലാം മലീമസമാക്കുന്ന ഈ അന്തരീക്ഷത്തിൽ റോസാ പുഷ്പങ്ങൾ വിടർന്നു വരുമെന്ന് നാം പ്രതീക്ഷിക്കരുത്. അവിടെ സ്നേഹവും സൗഹാർദവും സഹാനുഭൂതിയുമല്ലയുണ്ടാവുക. മറിച്ച് കബന്ധങ്ങളും ആർപ്പുവിളികളും അട്ടഹാസങ്ങളും മാത്രമായിരിക്കും. സാഹോദര്യവും സ്നേഹവും നിലനിർത്തണം എന്നാഗ്രഹിക്കുന്നവർ ഇത്തരം വിദ്വേഷപ്രചാരകരെ നിയന്ത്രിക്കാൻ രംഗത്ത് വരേണ്ടതുണ്ട്. ഇതൊരു സാമൂഹ്യപ്രശ്നമാണ്. ■

ഇന്ത്യയിൽ സംഘപരിവാറിന്റെ നേതൃത്വത്തിൽ നടന്ന മുസ്‌ലിം വിരുദ്ധ - ഇസ്‌ലാം വിരുദ്ധ പ്രചാരണങ്ങൾ എത്രപേരുടെ ജീവനെടുത്തു എന്നതിന് നമ്മുടെ രാജ്യം സാക്ഷിയാണ്. ഗുജറാത്തിന്റെയും ഡെൽഹിയുടെയുമെല്ലാം തെരുവുകൾക്ക് ഈ വിദ്വേഷ പ്രചാരണം കൊണ്ടുണ്ടാകുന്ന ഭീകരതയുടെ ഒരായിരം കഥകൾ പറയാനുണ്ടാകും. അമേരിക്കയിൽ മാത്രം മുസ്‌ലിം വിരുദ്ധ സംഘങ്ങളുടെ എണ്ണത്തിൽ വലിയ വർധനവാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. ഇതെല്ലാം സൂചിപ്പിക്കുന്നത് ഒരു ലളിതമായ ഒരു യാഥാർഥ്യത്തിലേക്കാണ്. നിരന്തരമായി ഒരു സമുദായത്തെയും മതത്തെയും ആക്രമിക്കാനും അവർക്കെതിരെ പ്രചാരണം നടത്താനും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പേരിൽ അനുവദിച്ചാൽ അവിടെയുണ്ടാവുക ഇത്തരത്തിലുള്ള വെറുപ്പ് നിറഞ്ഞ അന്തരീക്ഷവും അതിനെ തുടർന്ന് ഭീകരാക്രമണങ്ങളും അക്രമ പരമ്പരകളും കലാപങ്ങളുമാണ്.

ഡോ. യാസ്മിൻ എം അബ്ബാസ്
പട്ടാമ്പി



# കൗമാരം; രക്ഷിതാക്കൾ അറിയാൻ

സമൂഹത്തിൽ വളരെയധികം മാനസിക സമ്മർദം അനുഭവിക്കുന്ന രണ്ടു വിഭാഗമാണ് കൗമാര പ്രായക്കാരും കൗമാരപ്രായത്തിലുള്ള മക്കളുള്ള രക്ഷിതാക്കളും. രണ്ടു കൂട്ടരും പരസ്പരം മനസ്സിലാക്കുകയും ഇടപഴകുകയും ചെയ്യുമ്പോഴാണ് ഇത്തരത്തിലുള്ള മാനസിക സമ്മർദങ്ങൾ കുറക്കാൻ സാധിക്കുന്നത്.

**എന്താണ് കൗമാരം?**

മനുഷ്യന്റെ ജീവിത കാലയളവിനെ പ്രധാനമായും അഞ്ചായി തരം തിരിക്കാം; ശൈശവം, ബാല്യം, കൗമാരം, യുവത്വം, വാർധക്യം എന്നിവയാണ് അവ. ശൈശവം, ബാല്യം എന്നിവ കഴിഞ്ഞാലുള്ള ഘട്ടമായ കൗമാരം മുതിർന്നവരിലേക്കുള്ള പരിവർത്തനത്തിന്റെ കാലഘട്ടമാണ്. അതുകൊണ്ടുതന്നെ കൗമാരം transition period എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്.

**കൗമാരം നേരിടുന്ന പ്രതിസന്ധികൾ**

കുട്ടിയിൽ നിന്ന് വിടുകയും എന്നാൽ മുതിർന്നവരിലേക്ക് എത്തുകയും ചെയ്തിട്ടില്ലാത്ത ഈയൊരു കാലഘട്ടത്തിൽ താൻ കുട്ടിയാണോ അതോ മുതിർന്ന ആളാണോ എന്ന ഒരു കൺഫ്യൂഷൻ ഈ പ്രായക്കാരിൽ കാണപ്പെടുന്നു. സഹോദരങ്ങളും രക്ഷിതാക്കളും ഉൾപ്പെടുന്ന സമൂഹം അവരവരുടെ സൗകര്യാർഥം അവന്റെ വ്യക്തിത്വത്തെ കുട്ടിയായും മുതിർന്നയാളായും മാറ്റിപ്പറയുന്നു എന്നത് ഈ കൂട്ടരെ അസ്വസ്ഥപ്പെടുത്തുന്നു.

**പെരുമാറ്റ വ്യതിയാനങ്ങൾ**

കുട്ടികളിൽനിന്ന് മുതിർന്നവരിലേക്കുള്ള ശാരീരിക, മാനസിക, ലൈംഗിക വളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ ശരീരത്തിലുണ്ടാകുന്ന ഹോർമോൺ വ്യതിയാനങ്ങളുടെ ഭാഗമായി ഇവരുടെ പെരുമാറ്റങ്ങളിൽ ചില വ്യത്യാസങ്ങൾ കാണപ്പെടാറുണ്ട്. പെട്ടെന്നുള്ള ദേഷ്യവും സങ്കടവും നിരാശയുമെല്ലാം ഇതിന് ഉദാഹരണങ്ങളാണ്.

**ആകാംക്ഷ**

മാനസിക വളർച്ചയുടെ ഭാഗമായി എന്തും അറിയാനും അനുഭവിക്കാനുമുള്ള ഒരു ആകാംക്ഷ (curiousity) ഈ പ്രായക്കാരിൽ കാണുന്നു. ഇത് വളർച്ചക്കൊപ്പം കാര്യങ്ങൾ മനസ്സിലാക്കാൻ അവരെ സഹായിക്കുന്നതിനുള്ള ഒരു ഘടകമാണ്. എന്നാൽ ശരിയായ അറിവ് യഥാസമയം ലഭിച്ചില്ലെങ്കിൽ ഇത്തരം curiousityയുടെ ഭാഗമായിത്തന്നെ കുട്ടികൾ തെറ്റായ വഴിയിലൂടെ സഞ്ചരിക്കാനുള്ള സാധ്യതകളുമുണ്ട്.

### വികാരങ്ങൾ വിവേകത്തെ മറികടക്കുന്നു

നമ്മുടെ തലച്ചോറിന്റെ മുൻഭാഗമാണ് വിവേകത്തോടെ ചിന്തിക്കാനും പെരുമാറാനും നമ്മെ സഹായിക്കുന്നത്. എന്നാൽ ഈ ഭാഗത്തിന്റെ വളർച്ച കൗമാര പ്രായത്തിലുള്ള കുട്ടികൾക്ക് പൂർണതയിൽ എത്തിയിട്ടുണ്ടാവില്ല. അതേസമയം അവരുടെ വികാരങ്ങളെ നിയന്ത്രിക്കുന്ന ഭാഗങ്ങളുടെ വളർച്ച പുരോഗമിച്ചിരിക്കും. ഇതിന്റെ ഭാഗമായി അവർ വിവേകത്തെക്കാളും വികാരങ്ങൾക്ക് അടിമപ്പെടുന്നതായി കാണാം.

### കൗമാരക്കാരായ മക്കളുമായി എങ്ങനെ അടുപ്പം ഉണ്ടാക്കിയെടുക്കാം?

*പരിഗണന:* നിരവധി ആശയക്കുഴപ്പങ്ങളിലൂടെ ജീവിക്കുന്ന കൗമാരപ്രായക്കാരെ അവരുടെ വളർച്ച ക്കൊപ്പം മുതിർന്ന ഒരാളായിക്കൊണ്ടിരിക്കുന്നു എന്ന ബോധ്യത്തോടെ പരിഗണിക്കുക എന്നതാണ് രക്ഷിതാക്കൾ ചെയ്യേണ്ടത്. ഇത് കുട്ടികളിൽ ആത്മവിശ്വാസം വർധിക്കുവാനും കൂടുതൽ പക്വമായ പെരുമാറ്റങ്ങൾ ഉണ്ടാകുവാനും ഇടയാക്കും. വിവിധ വിഷയങ്ങൾ വരുമ്പോൾ മക്കളുമായി ചർച്ച ചെയ്യുകയും അവരോട് അഭിപ്രായം ചോദിക്കുകയും ചെയ്യുന്നതെല്ലാം ഇത്തരം പരിഗണനയുടെ ഉദാഹരണങ്ങളാണ്.

*കാര്യങ്ങൾ ബോധ്യപ്പെടുത്തിക്കൊടുക്കുക:* പലപ്പോഴും കൗമാരക്കാരായ മക്കളിൽനിന്നും അപക്വമായ നിലപാടുകൾ കാണാനിടയാകും. ഇത്തരം സന്ദർഭങ്ങളിൽ രക്ഷിതാക്കൾ പക്വതയോടെ അവരെ തിരുത്തുകയും കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെടുത്തിക്കൊടുക്കുകയുമാണ് വേണ്ടത്. നീ ഇന്നത് ചെയ്യൂ, ഇന്നത് ചെയ്യേണ്ട തുടങ്ങിയ രീതിയിലുള്ള ഉപദേശങ്ങൾ കൗമാരക്കാരെ നേരായ രീതിയിൽ സ്വാധീനിക്കുകയില്ല.

> നമുക്ക് സ്വന്തം ശരീരത്തോടും സ്രഷ്ടാവിനോടും മാതാപിതാക്കളോടും കുടുംബത്തോടും സമൂഹത്തോടുമെല്ലാം കടമകളും ബാധ്യതകളുമുണ്ടെന്ന ബോധ്യം മക്കളിൽ വളർത്തിയെടുക്കണം. മനുഷ്യൻ വെറുതെ സൃഷ്ടിക്കപ്പെട്ടതല്ലെന്നും വരാനിരിക്കുന്ന ഒരു ലോകത്തേക്കുള്ള പരീക്ഷണ കാലഘട്ടം മാത്രമാണ് ഈ ജീവിതമെന്നുമുള്ള തിരിച്ചറിവ് ഉണ്ടാകുമ്പോഴാണ് ലക്ഷ്യബോധത്തോടെയും ധാർമികതയോടെയും ജീവിതം നയിക്കുന്നവരായി മാറാൻ കഴിയുക. അതിനാൽ മതവിദ്യാഭ്യാസം ചെറുപ്പത്തിൽതന്നെ നൽകിത്തുടങ്ങുകയും കൗമാരത്തിലും തുടർന്നും അത് നിലനിർത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

കാര്യങ്ങൾ വ്യക്തമാക്കിക്കൊടുക്കുമ്പോൾ വളരെ ചുരുങ്ങിയ രീതിയിലായിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം ഈ പ്രായക്കാരിൽ കാണുന്ന restlessness എന്ന അവസ്ഥ ഒരുപാട് സമയം സംവദിക്കാൻ അനുവദിക്കാനുള്ള സാധ്യതയില്ല.

*അവരുടെ വികാരങ്ങളെ പരിഗണിക്കുക:* കുട്ടികളെ കേൾക്കാനും അവർ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാനും സമയം കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. പ്രയാസങ്ങളോ സന്തോഷങ്ങളോ ആവട്ടെ, കേൾക്കാൻ ഒരാളുണ്ടാവുക എന്നത് അത്രമേൽ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. സാമൂഹ്യമാധ്യമങ്ങളുടെ സ്വാധീനം വളരെ വർധിച്ച കാലഘട്ടത്തിൽ കേൾക്കാൻ നാമില്ലെങ്കിൽ മറ്റാരെയെങ്കിലും അവർ കണ്ടെത്തുവാനും അവസരം മുതലെടുക്കുന്നവരുടെ ചതിക്കുഴിയിൽ അകപ്പെടാനും സാധ്യതയേറെയാണ്.

*അനുമോദനം:* നമ്മുടെ ആവശ്യപ്രകാരമോ സ്വന്തം താൽപര്യപ്രകാരമോ ഉപകാരപ്രദമായ വല്ലതും കുട്ടികൾ ചെയ്തുകഴിഞ്ഞാൽ അവരെ അതിന്റെ പേരിൽ അനുമോദിക്കാൻ മടി കാണിക്കരുത്. അനുമോദനം കുട്ടികളെ വീണ്ടും അത്തരം കാര്യങ്ങൾ ചെയ്യാൻ പ്രചോദിപ്പിക്കുകയും ആത്മവിശ്വാസം വളർത്താൻ കാരണമാവുകയും ചെയ്യുന്നു.

*സുഹൃത്തുക്കളെ അറിയുക:* നമ്മുടെ കുട്ടികൾക്ക് ആരുമായിട്ടാണ് കൂട്ടുകെട്ട് എന്നത് അറിഞ്ഞിരിക്കേണ്ടത് ഇക്കാലത്ത് വളരെയേറെ പ്രസക്തമാണ്. തെറ്റായ ശീലങ്ങൾ പലപ്പോഴും കൂട്ടുകെട്ടുകളിലൂടെയാണ് കുട്ടികളിലേക്ക് കടന്നുകയറുന്നത്. അവരുടെ സുഹൃത്തുക്കൾ ആരൊക്കെയാണെന്ന് അറിയുന്നതും അവരുമായി നമ്മൾ പരിചയമുണ്ടാക്കിയെടുക്കുന്നതും ഏറെ ഉപകാരപ്രദമാണ്. ചീത്ത കൂട്ടുകെട്ടിനെ നിരുൽസാഹപ്പെടുത്തുകയും അതിന്റെ അപകടം പക്വതയോടെ ബോധ്യപ്പെടുത്തിക്കൊടുക്കുകയും വേണം.

### ചിട്ടയോടുകൂടിയ ജീവിത ശൈലി

രക്ഷിതാക്കൾക്ക് രാത്രിയിലെ ഉറക്കം, രാവിലെ എഴുന്നേൽക്കൽ, ഭക്ഷണം, പഠനം, പ്രാർഥന തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും പൊതുവായ ഒരു ശീലവും ചിട്ടയുമുണ്ടെങ്കിൽ കുട്ടികളും ചെറുപ്പം തൊട്ട് അവ ശീലിക്കുകയും കൗമാരപ്രായത്തിൽ എത്തുമ്പോഴേക്കും സ്വന്തം കാര്യങ്ങളെല്ലാം കൃത്യനിഷ്ഠതയോടെ സ്വന്തമായി ചെയ്യാൻ പഠിക്കുകയും ചെയ്യുന്നു. ഇത് അവരുടെ ശാരീരികമായ ആരോഗ്യത്തിനും മാനസികമായ ഉന്മേഷത്തിനും പരസ്പര സഹകരണത്തോടെയുള്ള ഭാവി ജീവിതത്തിനും ഉപകരിക്കും.

### ഇല്ലായ്മകളും അറിയിച്ച് വളർത്തുക

കുട്ടികളിൽ ചെറുപ്പം മുതൽ തന്നെ തങ്ങളുടെ സാമ്പത്തിക ശേഷിയെ കുറിച്ച് ഒരു ധാരണ ഉണ്ടാക്കിയെടുക്കുന്നത് നല്ലതാണ്. അവർ ആവശ്യപ്പെടുന്ന കാര്യങ്ങളിലെ അത്യാവശ്യങ്ങളും ആവശ്യങ്ങളും വേർതിരിച്ച് മനസ്സിലാക്കിക്കൊടുക്കണം. അവരുടെ ഏത് ആഗ്രഹവും നിറവേറ്റി ക്കൊടുക്കുന്നത് അപകടമാണ്. ചിലതിനോടൊക്കെ പറ്റില്ല എന്നു പറയണം. അതിനോട് പൊരുത്ത പ്പെടുന്ന മനസ്സ് അവർക്കുണ്ടാകണം. ഇല്ലായ്മകൾ മക്കൾ മനസ്സിലാക്കണം. അവർക്ക് പ്രതിസന്ധികൾ നേരിടാനുള്ള ഒരു പരിശീലനം കൂടിയാണത്.

### ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം

ആധുനിക കാലഘട്ടത്തിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം തീർത്തും അത്യന്താപേക്ഷിതമാണ്. എന്നാൽ അതിനെ ശരിയായ രീതിയിലും സമയബന്ധിതമായും ഉപയോഗിക്കേണ്ടതിന് രക്ഷിതാക്കൾ മാതൃകയാവേണ്ടതും കുട്ടികളെ പരിശീലിപ്പിക്കേണ്ടതുമുണ്ട്. കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള കലാകായിക മേഖലകളിൽ അവരെ പ്രോത്സാഹിപ്പിക്കുന്നതും അതിനുവേണ്ട സഹായ സഹകരണങ്ങൾ ചെയ്യുന്നതും ഒരു പരിധിവരെ കുട്ടികളെ സ്ക്രീനിൽനിന്ന് മാറ്റി നിർത്താൻ സഹായിക്കും. അതുപോലെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും വിവിധ കാര്യങ്ങളിൽ കുട്ടികളെ ഇടപെടുത്തുകയും സാമൂഹിക പ്രതിബദ്ധതയുള്ളവരായി അവരെ വളർത്തിയെടുക്കുകയും ചെയ്യുക.

### അഭിരുചിക്കനുസരിച്ച് പഠിപ്പിക്കുക

കൗമാരപ്രായം കുട്ടികൾ അവരുടെ കരിയറിൽ പ്രധാന ചുവടുവയ്പുകൾ നടത്തുന്ന കാലഘട്ടം കൂടിയാണ്. കോഴ്സുകൾ തിരഞ്ഞെടുക്കുമ്പോൾ അവരുടെ അഭിരുചിയും അതുപോലെ ജോലി സാധ്യതയും മനസ്സിലാക്കി കോഴ്സ് തിരഞ്ഞെടുക്കാൻ കുട്ടികളെ സഹായിക്കുക.

### നല്ലവരുമായി സഹവസിപ്പിക്കുക

കുടുംബത്തിലും സമൂഹത്തിലുമുള്ള നല്ല വ്യക്തിത്വങ്ങളുമായി നമുക്കും മക്കൾക്കും ബന്ധമുണ്ടാകണം. മതപരമായും സാംസ്കാരികമായും മറ്റും മാതൃകാപരമായ ജീവിതം നയിക്കുന്നവരുമായി ഇടപഴകുമ്പോൾ കുട്ടികൾക്ക് നല്ല കാര്യങ്ങളിൽ പ്രചോദനമുണ്ടാവുകയും അതിനായി പ്രയത്നിക്കാനുള്ള താൽപര്യം വളരുകയും ചെയ്യും.

### ധാർമിക ബോധമുള്ളവരായി വളർത്തുക

ഇന്നത്തെ തലമുറയിൽ രണ്ടു തരക്കാരെ നമുക്ക് കാണാം. ഒരു കൂട്ടർ യാതൊരുവിധ ലക്ഷ്യബോധവുമില്ലാതെ സോഷ്യൽ മീഡിയയിലും തങ്ങൾക്ക് ചുറ്റുമായി കാണുന്ന കാഴ്ചകൾ തന്നെയാണ് ജീവിതം എന്ന നിലയ്ക്ക് യാതൊരുവിധ സാമൂഹിക പ്രതിബദ്ധതയുമില്ലാതെയും ഒഴുക്കിനൊത്ത് നീന്തുന്നവരാണ്. എന്നാൽ മറ്റൊരുകൂട്ടർ തങ്ങളുടെ വിദ്യാഭ്യാസം, പ്രൊഫഷൻ, സമ്പാദ്യം തുടങ്ങിയവയ്ക്ക് മാത്രം പ്രാധാന്യം നൽകി വിവാഹത്തിനോ കുടുംബജീവിതത്തിനോ കുട്ടികൾക്കോ മാതാപിതാക്കൾക്കോ ഒന്നും യാതൊരുവിധ പ്രാധാന്യവും കൽപിക്കാതെ സ്വന്തം കാര്യം മാത്രം ഫോക്കസ് ചെയ്തു ജീവിക്കുന്നു.

നമുക്ക് സ്വന്തം ശരീരത്തോടും സ്രഷ്ടാവിനോടും മാതാപിതാക്കളോടും കുടുംബത്തോടും സമൂഹത്തോടുമെല്ലാം കടമകളും ബാധ്യതകളുമുണ്ടെന്ന ബോധ്യം മക്കളിൽ വളർത്തിയെടുക്കണം. മനുഷ്യൻ വെറുതെ സൃഷ്ടിക്കപ്പെട്ടതല്ലെന്നും വരാനിരിക്കുന്ന ഒരു ലോകത്തേക്കുള്ള പരീക്ഷണ കാലഘട്ടം മാത്രമാണ് ഈ ജീവിതമെന്നുമുള്ള തിരിച്ചറിവ് ഉണ്ടാകുമ്പോഴാണ് ലക്ഷ്യബോധത്തോടെയും ധാർമികതയോടെയും ജീവിതം നയിക്കുന്നവരായി മാറാൻ കഴിയുക. അതിനാൽ മതവിദ്യാഭ്യാസം ചെറുപ്പത്തിൽതന്നെ നൽകിത്തുടങ്ങുകയും കൗമാരത്തിലും തുടർന്നും അത് നിലനിർത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ■

റസാഖ് ചെറൂപ്പ
: 94461 63601



# ആർട്ടിഫിഷ്യൽ ഇന്റലിജൻസ്; ഗുണവും ദോഷവും

അടുക്കള മുതൽ ബഹിരാകാശ ഗവേഷണരംഗം വരെ അതിന്റെ സാധ്യത ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയികൊണ്ടിരിക്കുന്നത്. എഐ സാങ്കേതികവിദ്യയുടെ അത്ഭുതങ്ങളുടെയും അപകടങ്ങളുടെയും വർഷമായിരിക്കും 2025. ലോകക്രമത്തിന്റ നാശത്തിനുതന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വഴിവെക്കുമോ എന്ന് ആ രംഗത്തെ ശാസ്ത്രകാരന്മാർ ആശങ്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. അടുക്കള മുതൽ ബഹിരാകാശ ഗവേഷണരംഗം വരെ അതിന്റെ സാധ്യത ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയികൊണ്ടിരിക്കുന്നത്. എഐ സാങ്കേതികവിദ്യയുടെ അത്ഭുതങ്ങളുടെയും അപകടങ്ങളുടെയും വർഷമായിരിക്കും 2025. ലോകക്രമത്തിന്റ നാശത്തിനുതന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വഴിവെക്കുമോ എന്ന് ആ രംഗത്തെ ശാസ്ത്രകാരന്മാർ ആശങ്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്. 2023ൽ ഗൂഗിളിലെ സേവനം അവസാനിപ്പിച്ച് പടിയിറങ്ങവെ നൽകിയ ഒരു അഭിമുഖത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്തെ പ്രമുഖ ശാസ്ത്രജ്ഞനായ ജെഫ്രി ഹിന്റൺ പറഞ്ഞത് 'ഞാൻ ചെലവഴിച്ച എന്റെ ജീവിതാധ്വാനം മറ്റുള്ളവർ ദുരുപയോഗം നടത്തുമെന്നതിൽ എന്റെ മനഃസാക്ഷി വേദനിക്കുന്നു'



എന്നാണ്. മാനവരാശിയെ തന്നെ ഇല്ലാതാക്കാൻ പ്രാപ്തമായ സാങ്കേതിക വിദ്യയാണ് എഐ എന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. കൃത്രിമ ന്യൂറൽ നെറ്റ്‌വർക്കുകളിലൂടെ മെഷീൻ ലേണിംഗ് സാധ്യമാക്കിയതിനു 2024ൽ ജോൺ ജെ ഹോപ്ഫിൽഡിനൊപ്പം ഭൗതികശാസ്ത്രത്തിൽ നോബൽ സമ്മാനം പങ്കിട്ട വ്യക്തിയാണ് ജെഫ്രി ഹിന്റൺ.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ കുറിച്ചുള്ള ചർച്ചകൾ സജീവമായത് ഈ അടുത്ത കാലത്താണെങ്കിലും 70-75 വർഷത്തെ ചരിത്രം അതിനുണ്ട്. ഈ വാക്ക് ആദ്യമായി ഉപയോഗിച്ചത് 1956ൽ ജോൺ മക്കാർത്തി എന്ന അമേരിക്കക്കാരനായ കമ്പ്യൂട്ടർ ശാസ്ത്രജ്ഞനാണ്. അദ്ദേഹമാണ് ആർട്ടിഫിഷ്യൽ ഇന്റലിജിൻസിന്റെ പിതാവ് എന്നറിയപ്പെടുന്നതും.

യന്ത്രങ്ങൾക്ക് ചിന്താശേഷിയും സാമാന്യയുക്തിയും പ്രതികരണശേഷിയും നൽകി മനുഷ്യരെ പോലെ പ്രവർത്തിക്കാൻ സജ്ജമാക്കുകയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വഴി ചെയ്യുന്നത്. 1950 കളിൽ തന്നെ ഇതിന്റെ ഗവേഷണം ആരംഭിച്ചിട്ടുണ്ട്. ജോൺ മക്കാർത്തിക്കൊപ്പം 1959ൽ മസാചുസറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ എഐ ലാബിന് മർവിൻ മിൻസ്കി തുടക്കമിട്ടത് ഈ രംഗത്തെ പ്രധാന ചുവടുവയ്പായിരുന്നു. കമ്പ്യൂട്ടർ സയൻസിന്റെ പിതാവായ അലൻ ടുറിങ്ങ്ലൂടെ അസ്തിവാരമിട്ട്, മക്കാർത്തിയിലൂടെയും മാർവിൻ മിൻസ്കിയിലൂടെയും വികാസം പ്രാപിച്ച്, ഇലോൺ മസ്കിലൂടെയും സുന്ദർ പിച്ചെയിലൂടെയും മാർക് സൂക്കർബർഗിലൂടെയും ജെഫ്രി ഹിന്റണിലൂടെയും പടർന്നുപന്തലിച്ച് ഇന്ന് അതെവിടെ എത്തിനിൽക്കുന്നു എന്നത് നമ്മെ ഏറെ വിസ്മയിപ്പിക്കുന്ന കാര്യമാണ്.

മനുഷ്യർ കായികമായി ചെയ്തിരുന്ന ജോലികളാണ് ആദ്യമൊക്കെ യന്ത്രങ്ങൾ ഏറ്റെടുത്തിരുന്നത്. എന്നാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വരവോടെ ബുദ്ധിപരമായി ചെയ്യേണ്ട ജോലികളും യന്ത്രങ്ങൾ ഏറ്റെടുത്തു തുടങ്ങി. അൽഗൊരിതം, ഡാറ്റകൾ, കമ്പ്യൂട്ടിങ് പവർ എന്നിവയുടെ സംയോജിപ്പിച്ച പ്രവർത്തനത്തിലൂടെയാണ് യന്ത്രങ്ങളെ ചിന്തിപ്പിക്കാനും സമയോചിതമായി പ്രതികരിക്കാനും പ്രാപ്തമാക്കുന്നത്. ഭാഷ ഉപയോഗിക്കുക, ദൃശ്യങ്ങൾ തിരിച്ചറിയുക, ചിത്രം വരക്കുക, രോഗം പറഞ്ഞാൽ മരുന്ന് കുറിച്ചുതരിക, ഡ്രൈവർ ഇല്ലാതെ വാഹനം ഓടിക്കുക, വിദ്യാർഥികൾ എഴുതുന്ന വിവ

രണാത്മക ഉത്തരങ്ങൾവരെ മൂല്യനിർണയും നടത്തി മാർക്കിടുക തുടങ്ങി പല ജോലികളും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വഴി യന്ത്രങ്ങൾ ഏറ്റെടുത്ത് തുടങ്ങിയിട്ടുണ്ട്.

മോളി റോബോട്ടിക്സിന്റെ കിച്ചൻ റോബോട്ടുകൾ ഭക്ഷണം പാകം ചെയ്ത് തരുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. പാകം ചെയ്ത ഭക്ഷണം രുചിച്ചുനോക്കാനും എഐ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇലക്ട്രോണിക് നാവ് കണ്ടെത്തിയിട്ടുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഏറ്റവും പ്രധാനഭീഷണി ജോലിനഷ്ടം തന്നെയാണ്. മെറ്റ എഐ തന്ന വിവരമനുസരിച്ച് 2027ഓടെ ഡാറ്റാ എൻട്രി രംഗത്ത് മാത്രം 7.5 മില്യൺ ജോലി നഷ്ടം ഉണ്ടാകുമെന്നാണ് കണക്ക്.

ഡാറ്റാ എൻട്രി രംഗത്ത് മാത്രം ഒതുങ്ങുന്നതല്ല ഈ ജോലി നഷ്ടം. അക്കൗണ്ടിങ് ആൻഡ് ബുക്ക് കീപ്പിങ്, കണ്ടന്റ് റൈറ്റിംഗ്, അധ്യാപനം, ഓഫീസ് സെക്രട്ടറി തുടങ്ങി പല രംഗങ്ങളിലായി 300 മില്യൺ ജോലി നഷ്ടങ്ങൾ ഉണ്ടാകുമെന്നാണ് എഐ രംഗത്തെ വിദഗ്ധർ തന്നെ പ്രവചിക്കുന്നത്. 2024ൽ തന്നെ പല കമ്പനികളും തൊഴിലാളികൾ അധികമാണെന്ന് കണക്കുകൂട്ടി പിരിച്ചുവിടൽ ആരംഭിച്ചിട്ടുണ്ട് എന്ന് വാർത്തകളും കണക്കുകളും സൂചിപ്പിക്കുന്നു.



ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പല ജോലികളും കുറവ് വരുത്തുകയോ ഇല്ലായ്മ ചെയ്യുകയോ ചെയ്യുന്നുണ്ടെങ്കിലും പല അവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. മെഷീൻ ലേണിംഗ് എഞ്ചിനീയർ, ഡാറ്റാ സയന്റിസ്റ്റ്, റിസർച്ച് സയന്റിസ്റ്റ്, സോഫ്റ്റ്വെയർ എഞ്ചിനീയർ, റോബോട്ടിക് എഞ്ചിനീയർ, ബിസിനസ് ഇന്റലിജൻസ് ഡെവലപ്പർ, എഐ എത്തിക്സ് സ്പെഷ്യലിസ്റ്റ്, ചാറ്റ്ബോട്ട് ഡെവലപ്പർ, എഐ സൊല്യൂഷൻ കൺസൾടന്റ്, എഐ സിസ്റ്റം അർക്കിടെക്ട് തുടങ്ങിയവ ചില ഉദാഹരങ്ങളാണ്. അതിന്റെ പതിപ്പുകൾ എല്ലാ മേഖലകളിലും ആവശ്യമായി വരുമെന്നതും പ്രതീക്ഷക്ക് വകനൽകുന്നു.

സമീപ ഭാവിയിൽ മൊത്തം തൊഴിൽ അവസരങ്ങളുടെ 25-30 ശതമാനത്തിലധികവും എഐ ഏറ്റെടുക്കുമെന്ന് ഉറപ്പിച്ചു പറയാം. തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം, ബിസിനസ്സ് തുടങ്ങി നിത്യ ജീവിത വ്യവഹാര മേഖലകളിലെ എഐ സ്വാധീനം പ്രവചനാതീതമായിരിക്കും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു യഥാർഥ്യമായി കഴിഞ്ഞു. ഇനി അതിനെതിരെ പുറംതിരിഞ്ഞു നിന്നിട്ടു കാര്യമില്ല. അതിനെ യുക്തിപൂർവം ഉപയോഗിക്കുക എന്നതേ വഴിയുള്ളൂ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പല ജോലികളും കുറവ് വരുത്തുകയോ ഇല്ലായ്മ ചെയ്യുകയോ ചെയ്യുന്നുണ്ടെങ്കിലും പല അവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. മെഷീൻ ലേണിംഗ് എഞ്ചിനീയർ, ഡാറ്റാ സയന്റിസ്റ്റ്, റിസർച്ച് സയന്റിസ്റ്റ്, സോഫ്റ്റ്വെയർ എഞ്ചിനീയർ, റോബോട്ടിക് എഞ്ചിനീയർ, ബിസിനസ് ഇന്റലിജൻസ് ഡെവലപ്പർ, എഐ എത്തിക്സ് സ്പെഷ്യലിസ്റ്റ്, ചാറ്റ്ബോട്ട് ഡെവലപ്പർ, എഐ സൊല്യൂഷൻ കൺസൾടന്റ്, എഐ സിസ്റ്റം അർക്കിടെക്ട് തുടങ്ങിയവ ചില ഉദാഹരങ്ങളാണ്. അതിന്റെ പതിപ്പുകൾ എല്ലാ മേഖലകളിലും ആവശ്യമായി വരുമെന്നതും പ്രതീക്ഷക്ക് വകനൽകുന്നു. വേണ്ടത് നമ്മുടെ വിദ്യാഭാസരീതി അതിനുംകൂടെ അനുഗുണമായ രീതിയിൽ ഇപ്പോഴേ പരിഷ്കരിക്കുക എന്നതാണ്. ■

ടി.കെ അശ്റഫ്
: 81118 07199

# പഠനയാത്ര ജന്മദിനാഘോഷം:
## വിദ്യാഭ്യാസ വകുപ്പിന്റെ പുതിയ തീരുമാനം ശ്ലാഘനീയം



പുതുവർഷത്തിൽ വിദ്യാഭ്യാസ വകുപ്പ് പുതിയ ചില തീരുമാനങ്ങൾ എടുത്തിരിക്കുന്നു. നല്ല കാര്യം! സ്കൂളിലെ പഠനയാത്രകൾ പണമില്ലാത്ത കുട്ടികൾക്ക് കൂടി പങ്കെടുക്കാനാകുന്നവിധം സംഘടിപ്പിക്കണമെന്നതാണ് പ്രധാന തീരുമാനം. പഠനയാത്രകൾക്ക് വലിയ തുക ഈടാക്കരുത്, എല്ലാ കുട്ടികൾക്കും നൽകാനാകുന്ന തുക നിശ്ചയിക്കണം, സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണം തരാനാകാത്ത ഒരു കുട്ടിയെയും മാറ്റി നിർത്തരുത് തുടങ്ങിയവയാണ് മറ്റു ചില നിർദേശങ്ങൾ.

ഈ നിർദേശങ്ങൾ നടപ്പിലാകണമെങ്കിൽ ചില കാര്യങ്ങൾക്ക് കൂടി വ്യക്തത അനിവാര്യമാണ്. എൽ.പി, യു.പി വിദ്യാർഥികൾക്ക് ദീർഘദൂര യാത്രകൾ ഒഴി

> ‘പഠനയാത്ര’ എന്ന് വിശേഷിപ്പിക്കുകയും കൃത്രിമമായി കെട്ടിയുയർത്തിയ കച്ചവട ടൂറിസത്തിന്റെ വായിലേക്ക് സ്കൂൾ വിദ്യാർഥികളെ എറിഞ്ഞുകൊടുക്കുകയും ചെയ്യുന്ന വിനോദയാത്രാ സംസ്കാരം അവസാനിപ്പിക്കണം. മറ്റു നാടുകൾ കേരളത്തിന്റെ പച്ചപ്പും ഹരിതാഭവും അവിടെ എങ്ങനെ നിലനിർത്താം എന്ന് ചിന്തിക്കുമ്പോൾ, നാം ഈ തനിമയെ അവഗണിച്ച് കൃത്രിമത്വത്തിന്റെ പിറകെ പായുന്നത് ഒട്ടും ശരിയല്ല. മുൻകാലങ്ങളിൽ പഠനവും വിനോദവും സമ്മിശ്രമായി ചേർത്തുവച്ചുകൊണ്ടുള്ള യാത്രകളാണു ണ്ടായിരുന്നത്. എന്നാൽ, ഇന്ന് എല്ലാം കമ്പോളവത്കരിക്കപ്പെട്ടിരിക്കുന്നു.

വാക്കണം. ഒരു ദിവസത്തിൽ പോയി വരാൻ കഴിയുന്നതാകണം അവരുടെ യാത്രകൾ. നിശ്ചിത കിലോമീറ്റർ യാത്രാ പരിധി സർക്കാർ തന്നെ വെക്കണം. മുതിർന്ന വിദ്യാർഥികളുടെതാണെങ്കിലും കൂടുതൽ ദിവസങ്ങൾ നീണ്ടുനിൽക്കുന്ന യാത്രകൾ വേണ്ടതില്ല.

പരമാവധി തൊട്ടടുത്തുള്ള ചരിത്ര പ്രാധാന്യവും പ്രകൃതി വൈവിധ്യങ്ങളും കാർഷിക-വിദ്യാഭ്യാസ-വ്യവസായ-സാങ്കേതിക സവിശേഷതകളുമുള്ള ഇടങ്ങൾക്ക് പ്രാധാന്യം നൽകണം. കുട്ടികൾക്ക് പ്രാദേശികമായി നല്ല ബന്ധങ്ങൾ ഉണ്ടാക്കാനും ചെറുകിട കച്ചവടക്കാരുടെ പുനരുദ്ധാരണത്തിനുമെല്ലാം ഇത് സഹായകമാകും.

'പഠനയാത്ര' എന്ന് വിശേഷിപ്പിക്കുകയും കൃത്രിമമായി കെട്ടിയുയർത്തിയ കച്ചവട ടൂറിസത്തിന്റെ വായിലേക്ക് സ്കൂൾ വിദ്യാർഥികളെ എറിഞ്ഞുകൊടുക്കുകയും ചെയ്യുന്ന വിനോദയാത്രാ സംസ്കാരം അവസാനിപ്പിക്കണം. മറ്റു നാടുകൾ കേരളത്തിന്റെ പച്ചപ്പും ഹരിതാഭവും അവിടെ എങ്ങനെ നിലനിർത്താം എന്ന് ചിന്തിക്കുമ്പോൾ, നാം ഈ തനിമയെ അവഗണിച്ച് കൃത്രിമത്വത്തിന്റെ പിറകെ പായുന്നത് ഒട്ടും ശരിയല്ല. മുൻകാലങ്ങളിൽ പഠനവും വിനോദവും സമ്മിശ്രമായി ചേർത്തുവച്ചു കൊണ്ടുള്ള യാത്രകളാണുണ്ടായിരുന്നത്. എന്നാൽ, ഇന്ന് എല്ലാം കമ്പോളവത്കരിക്കപ്പെട്ടിരിക്കുന്നു.

സ്കൂൾ ടൂറുകളിലാണ് പല വിദ്യാർഥികളും ആദ്യമായി ലഹരി ഉപയോഗിച്ചു തുടങ്ങുന്നത് എന്നതും പല ടൂറുകളുമാണ് പ്രണയക്കെണികളിൽ പെൺകുട്ടികൾ അകപ്പെടാൻ കാരണമാകുന്നത് എന്നതും ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്.

രക്ഷിതാക്കൾ കുട്ടികളെ ടൂർ പോകാൻ സമ്മതിക്കാത്തതിനാലുണ്ടായ ചില ആത്മഹത്യകളുടെ വാർത്തകളും നാം ഈയിടെ കണ്ടു. പല രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ ഇത്തരം ടൂറുകൾക്ക് പോകാൻ സമ്മതിക്കാത്തത് ടൂറിന്റെ പേരിൽ നടക്കുന്ന ആഭാസങ്ങളിൽ തന്റെ കുട്ടിയും പെട്ടുപോകുമോ എന്ന ഭയത്താലായിരിക്കും. വാട്ടർ തീം പാർക്കുകളിലും മറ്റും പോകുമ്പോഴുള്ള വസ്ത്രധാരണ രീതിയും ഇടപെടലുകളും പല രക്ഷിതാക്കൾക്കും ഉൾക്കൊള്ളാൻ പ്രയാസമുണ്ട്. അവിടെ മാതൃകകളാവേണ്ട ടീച്ചേഴ്സിന്റെ സമീപനവും മറ്റും ചർച്ച ചെയ്യപ്പെടേണ്ടതാണ്.

ഏതെങ്കിലും ഒരു സ്കൂൾ മാത്രം തീരുമാനിച്ചാൽ മാറ്റാൻ കഴിയുന്ന ഒന്നല്ല ഈ പുതിയകാല ടൂർ സംസ്കാരം. അങ്ങനെ ചെയ്താൽ അവർ ഒറ്റപ്പെടുകയും സ്വാഭാവികമായും അടുത്ത അധ്യയന വർഷത്തിൽ തൊട്ടടുത്ത സ്കൂളുകളെ അനുകരിക്കാൻ നിർബന്ധിതരാവുകയും ചെയ്യും. സർക്കാർ പൊതുവായ മാനദണ്ഡം വെച്ചാൽ മാത്രമെ ഈ പ്രശ്നം പരിഹരിക്കാനാവൂ.

നിയമം നിഷ്കർഷിക്കുന്നതെല്ലാം പാലിച്ചുകൊണ്ട് നടത്തുന്ന ഒരു സ്കൂൾ ടൂറിന് ഏകദേശം ഒന്നോ രണ്ടോ മാസങ്ങൾക്ക് മുമ്പുതന്നെ സ്കൂൾ അധികൃതർ ഒരുങ്ങേണ്ടിവരും. എന്നാൽ നിയമങ്ങളിലെ നൂലാമാലകൾ കാരണം ഇതൊന്നും ചിട്ടയായി പാലിക്കപ്പെടാറില്ല എന്നതാണ് യാഥാർഥ്യം. ഈ വിഷയത്തിലും സർക്കാർ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

ടൂറിസ്റ്റ് ബസ്സിൽ കാതടപ്പിക്കുന്ന ശബ്ദത്തിലുള്ള മ്യൂസിക്കിന്റെ അകമ്പടിയോടെ മങ്ങിയ വെളിച്ചത്തിൽ മുതിർന്ന ആൺകുട്ടികളും പെൺകുട്ടികളും തിമിർത്താടുന്നതിന്റെ പേരായി മാറിയിരിക്കുന്നു 'പഠന യാത്ര!'

പുറം കാഴ്ചകൾ അവർക്കാവശ്യമില്ല. പഠനാർഹമായ കാഴ്ചകൾ കാണേണ്ട സ്ഥലത്ത് എത്തിയാൽ തന്നെ വാഹനത്തിൽ നിന്ന് ഇറങ്ങാൻ പോലും മടി കാണിക്കുന്ന കുട്ടികൾ വിരളമല്ല. കൂടുതൽ സമയവും മൊബൈലിൽ തലപൂഴ്ത്തിയിരിക്കുന്നവരെയാണ് കാണാനാവുക. ഇതിനെയെല്ലാം ചോദ്യം ചെയ്താൽ അത് 'തന്തവൈബാ'ണെന്ന പരിഹാസവും വരും. അങ്ങനെയെങ്കിൽ കുട്ടികളെ ബസ്സിൽ കയറ്റി ദൂരേക്ക് കൊണ്ടുപോകുന്നത് എന്തിനാണ്? എവിടെയെങ്കിലും നിർത്തിയിട്ട് ചാടിക്കളിക്കാൻ ലൈറ്റ് ഓഫ് ചെയ്ത് മ്യൂസിക് ഇട്ടു കൊടുത്താൽ പോരേ? നൈറ്റ് ക്ലബ്ബുകൾക്ക് കാവൽ നിൽക്കാനാണോ അധ്യാപകർ കൂടെ പോകുന്നത്?

ചില ഏഷ്യൻ രാജ്യങ്ങളിൽ-അവരുടെ പല കാര്യങ്ങളോടും നമുക്ക് വിയോജിപ്പുണ്ടെങ്കിലും- വ്യക്തിഗത മര്യാദ, സാമൂഹിക മര്യാദ, അച്ചടക്കം, സംസ്കാരം തുടങ്ങിയവക്ക് സ്കൂളിൽ നടപ്പിലാക്കുന്ന ഓരോ പഠനപ്രവർത്തനത്തിലും കാണിക്കുന്ന സൂക്ഷ്മതയും ഒരുക്കവും ഉൾക്കാഴ്ചയും നമ്മുടെ സ്കൂളുകൾക്കും മാതൃകയാക്കാവുന്നതാണ്. കുട്ടികളെ മര്യാദകളും ചിട്ടകളും സംസ്കാരവും പഠിപ്പിക്കേണ്ട ഇത്തരം യാത്രകൾ, താത്കാലികമായി എല്ലാം പൊട്ടി

> വർഷാവസാനം നടക്കാനിരിക്കുന്ന സെന്റ് ഓഫുകൾക്കും 'ഫെയർ വെൽ'പാർട്ടികൾക്കും കൂട്ടി കൃത്യമായ നിയന്ത്രണം കൊണ്ടുവരാനും അനാവശ്യമായ ഒരു പുതിയ സംസ്കാരവും ട്രെൻഡാണ് എന്ന പേരിൽ നമ്മുടെ സ്കൂളിൽ നടത്താൻ അനുവദിക്കില്ല എന്ന് പറയാനുള്ള ആർജവം അധ്യാപകരും പിടിഎ സമിതികളും കാണിക്കണം. സ്കൂൾ ടൂറിന്റെയും ജന്മദിന സമ്മാനങ്ങളുടെയും വിഷയത്തിൽ സർക്കാർ മാതൃക കാണിച്ചതുപോലെ, ഇതിനുകൂടെ കൃത്യമായ ഒരു മാർഗരേഖ പുറത്തുവിടണം. എന്തും ഏതും അടിച്ചുപൊളിച്ച് അർമാദിച്ച്, അതിരുകളും അരുതുകളുമില്ലാതെ ആസ്വദിച്ച് തീർക്കണമെന്ന പുതിയ തലമുറയുടെ ചിന്തയെ, അതിനെല്ലാം നല്ല ബദൽ കാണിച്ചുകൊടുത്തുകൊണ്ട് മാറ്റിയെടുക്കാൻ സാധിക്കണം.

ച്ചെറിഞ്ഞ് ആഘോഷം എന്ന പേരിലുള്ള അർമാദത്തിമർപ്പിന് വഴിയൊരുക്കുന്നത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിനു തന്നെ എതിരാണ്.

ടൂർ യാത്രക്കു മുമ്പുതന്നെ ആ യാത്രയിലൂടെ കുട്ടികൾ നേടിയെടുക്കേണ്ട ലക്ഷ്യങ്ങളെ കുറിച്ച് അധ്യാപകർ ചർച്ച ചെയ്യുന്നത് അലക്ഷ്യമായ പഠനയാത്രകൾ ഒഴിവാക്കാൻ സഹായിക്കും. ഇത്തരം സിസ്റ്റങ്ങൾ യൂറോപ്പിലെ സ്കൂൾ ടൂറുകളുടെ പ്രോട്ടോക്കോളുകളിൽ കാണാൻ സാധിക്കും.

സ്കൂൾ ടൂറുകൾക്ക് പുറമെ കുട്ടികൾ സ്വയം പ്ലാൻ ചെയ്തു പോകുന്ന യാത്രകളും വർധിക്കുന്നുണ്ട്. ഈ വിഷയത്തിൽ രക്ഷിതാക്കൾ അതീവ ജാഗ്രത പുലർത്തണം. പക്വതയെത്താത്ത പ്രായത്തിൽ ഉത്തരവാദിത്തമോ മേൽനോട്ടമോ ഇല്ലാത്ത യാത്രകൾ പലവിധ അപകടങ്ങൾക്കും നിമിത്തമാകുമെന്ന തിൽ സംശയമില്ല.

പഠനയാത്രയുടെ കാഴ്ചപ്പാടിൽതന്നെ പൊളിച്ചെഴുത്ത് അനിവാര്യമാണെന്ന് ചുരുക്കം. അതിന് കൂടി വിദ്യാഭ്യാസ വകുപ്പ് മുൻകൈയെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

ഇതേ സർക്കുലറിൽ വന്ന മറ്റൊരു വിഷയവും നാം ഒരുപാടാവർത്തി ആവശ്യപ്പെട്ടതും തീർത്തും അനിവാര്യമായതുമാണ്. വലിയ സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കുന്ന, സ്കൂളിലെ വിദ്യാർഥികളുടെയോ ജീവനക്കാരുടെയോ ജന്മദിനംപോലുള്ള വ്യക്തിഗത ആഘോഷങ്ങൾ പരമാവധി ഒഴിവാക്കാൻ ശ്രമിക്കണം. ഇത്തരം പരിപാടികളിൽ സമ്മാനങ്ങൾ കൊണ്ടുവരാൻ കുട്ടികളെ നിർബന്ധിക്കുന്നതും കൊണ്ടു വരാൻ കഴിയാത്ത കുട്ടികളെ വേർതിരിച്ചു കാണുന്നതുമായ പ്രവണതയുണ്ടെന്നും അവ ഒരിക്കലും ഉണ്ടാകാവതല്ല എന്നും സർക്കുലറിൽ പറയുന്നു. ഇതോടൊപ്പം ചേർത്ത് വായിക്കേണ്ട ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കാം:

യഥാർഥത്തിൽ ജന്മദിനാഘോഷങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല ഇത്. കുട്ടികൾ അധ്യാപകർക്ക് സ്നേഹപൂർവം നൽകുന്ന ഫോട്ടോ ഫ്രെയിമുകളും ഡ്രസ്സും വാച്ചും പോലുള്ള സർപ്രൈസ് ഗിഫ്റ്റുകളും ക്രിസ്മസ് ഫ്രണ്ട്, ന്യൂ ഇയർ ഫ്രണ്ട് പോലുള്ളവയും പുതിയ കീഴ്വഴക്കങ്ങളാണ് സൃഷ്ടിക്കുന്നത്. അതിൽ ഭാഗബാക്കാവാത്തവർ ഒറ്റപ്പെടുന്ന സാഹചര്യവുമുണ്ട്.

റീലുകൾക്കും ഷോർട്സുകൾക്കും വേണ്ടി ഗിഫ്റ്റുകൾ കൈമാറുന്ന, അത് ക്ലാസ്സ് ഗ്രൂപ്പുകളിലും മറ്റും ഫോർവേഡ് ചെയ്ത് ആഘോഷിക്കുന്ന പ്രവണതയും പ്രോത്സാഹിപ്പിക്കാവതല്ല. ഒരു പക്ഷേ, സമ്മാനം എത്ര ചെറുതാണെങ്കിലും അത് നൽകാൻ കഴിയാത്ത വിദ്യാർഥികൾക്ക് ഇത്തരം വീഡിയോകൾ കാണുമ്പോൾ ഉണ്ടാവുന്ന മനഃപ്രയാസങ്ങളാണ് ആത്മഹത്യയിലേക്കും മറ്റും അവരെ എത്തിക്കുന്ന കാര്യങ്ങളിൽ ഒന്ന്.

വർഷാവസാനം നടക്കാനിരിക്കുന്ന സെന്റ് ഓഫുകൾക്കും 'ഫെയർ വെൽ'പാർട്ടികൾക്കും കൂട്ടി കൃത്യമായ നിയന്ത്രണം കൊണ്ടുവരാനും അനാവശ്യമായ ഒരു പുതിയ സംസ്കാരവും ട്രെൻഡാണ് എന്ന പേരിൽ നമ്മുടെ സ്കൂളിൽ നടത്താൻ അനുവദിക്കില്ല എന്ന് പറയാനുള്ള ആർജവം അധ്യാപകരും പിടിഎ സമിതികളും കാണിക്കണം. സ്കൂൾ ടൂറിന്റെയും ജന്മദിന സമ്മാനങ്ങളുടെയും വിഷയത്തിൽ സർക്കാർ മാതൃക കാണിച്ചതുപോലെ, ഇതിനുകൂടെ കൃത്യമായ ഒരു മാർഗരേഖ പുറത്തുവിടണം.

എന്തും ഏതും അടിച്ചുപൊളിച്ച് അർമാദിച്ച്, അതിരുകളും അരുതുകളുമില്ലാതെ ആസ്വദിച്ച് തീർക്കണമെന്ന പുതിയ തലമുറയുടെ ചിന്തയെ, അതിനെല്ലാം നല്ല ബദൽ കാണിച്ചുകൊടുത്തുകൊണ്ട് മാറ്റിയെടുക്കാൻ സാധിക്കണം. ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ നിർദേശവും പഴുതുകളടച്ചുകൊണ്ട് തന്നെ നടപ്പിലാക്കാൻ സാധിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു. ■

നബീൽ പയ്യോളി
: +966 55 771 0981

സമയനിഷ്ഠ പാലിക്കാൻ വേണ്ടിയാകും പലരുടെയും മരണപ്പാച്ചിൽ. അതിനിടയിൽ ജീവൻ നഷ്ടമായാൽ ഒരു തിരക്കുമില്ലാതെ ലോകത്തേക്കാണ് യാത്ര, അതുകൊണ്ട്തന്നെ തിരക്കെത്രയുണ്ടെങ്കിലും അതൊന്നും ജീവനെക്കാൾ വലുതല്ലെന്ന തിരിച്ചറിവ് ഉണ്ടായേ തീരൂ. എത്തേണ്ടിടത്ത് സമയത്തിനെത്താൻ നേരത്തെ പുറപ്പെടുക. വൈകുമെങ്കിൽ ബന്ധപ്പെട്ടവരെ അറിയിച്ച് ശാന്തമായ മനസ്സുമായി വാഹനം ഓടിക്കുക. മനസ്സും ശരീരവും കണ്ണും കാതും ഒരേപോലെ ശ്രദ്ധിച്ചാൽ മാത്രമെ സുരക്ഷിതയാത്ര സാധ്യമാവൂ.




# ജീവനെക്കാൾ വലുതല്ല തിരക്കുകൾ

ഈയിടെ പത്തനംതിട്ടയിൽ നവദമ്പതികളും അവരുടെ പിതാക്കന്മാരും സഞ്ചരിച്ച കാർ അപകടത്തിൽ പെട്ട് നാല് പേരുടെ ജീവനുകളാണ് പൊലിഞ്ഞത്. ആലപ്പുഴയിലെ മെഡിക്കൽ വിദ്യാർഥികൾ സഞ്ചരിച്ച വാഹനം കെ.എസ്.ആർ.ടി.സി ബസിൽ ഇടിച്ച് നാളെയുടെ പ്രതീക്ഷകളായ ആറ് കൗമാരക്കാരാണ് മരണമടഞ്ഞത്.

ഇങ്ങനെ എത്രയെത്ര ജീവനുകളാണ് നമ്മുടെ നിരത്തുകളിൽ ദിനേന പൊലിയുന്നത്! ഒരായിരം പ്രതീക്ഷകളുമായി യാത്ര പുറപ്പെട്ടവർ ചേതനയറ്റ് വീട്ടിലേക്ക് തിരിച്ചെത്തുന്ന കാഴ്ച ഹൃദയഭേദകമാണ്. കേരള പൊലീസിന്റെ ഔദ്യോഗിക കണക്കുകൾ പ്രകാരം 2024 ഒക്ടോബർ മാസം വരെ 40821 റോഡപകടങ്ങളിലായി 3168 പേർക്കാണ് ജീവൻ നഷ്ടമായത്. 45657 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഓരോ വർഷവും റോഡപകടങ്ങളിൽ മരിക്കുന്നവരും പരിക്കേൽക്കുന്നവരുടെ എണ്ണവും വർദ്ധിക്കുകയാണ്.

നമ്മളെല്ലാം തിരക്കിലാണ്. വിശ്രമമില്ലാത്ത യാത്രയ്ക്കിടയിൽ ജീവനറ്റ് വീഴുന്നവരുടെ കാഴ്ചകൾ ഈ ഓട്ടത്തിനിടയിൽ നമ്മൾ പലപ്പോഴും കാണാൻ ഇടവന്നിട്ടുണ്ട്. റോഡ് നിർമാണത്തിലെ അശാസ്ത്രീയത, വാ

ഹനപ്പെരുപ്പം, അമിതവേഗത, ലഹരിവസ്തുക്കളുടെ ഉപയോഗം, മൊബൈൽ ഫോൺ, മൃഗങ്ങളുടെ ശല്യം, വാഹനങ്ങളുടെ തകരാറുകൾ അങ്ങനെ നിരവധി കാര്യങ്ങൾ റോഡപകടങ്ങൾക്ക് കാരണമാവുന്നു.

അപ്രതീക്ഷിതായി സംഭവിക്കുന്നതാണ് അപകടങ്ങൾ. നമ്മൾ എത്ര ശ്രദ്ധിച്ചാലും എതിരെ വരുന്നവർ ശ്രദ്ധിക്കാത്തത് അപകടങ്ങളിൽ ഒരു വില്ലനാണ്. എന്നാലും എല്ലാവരും ശ്രദ്ധിച്ചും കരുതിയും വാഹനം ഓടിക്കാൻ തയ്യാറായാൽ ഒരു പരിധിവരെ അപകടങ്ങൾ കുറക്കാൻ സാധിക്കും. സ്വന്തം ജീവൻ നഷ്ടപ്പെടാൻ ആരും ആഗ്രഹിക്കാത്തതുപോലെ മറ്റൊരാളുടെ ജീവഹാനിക്ക് താൻ കാരണക്കാരനായിക്കൂടാ എന്ന ഉറച്ച തീരുമാനവും അനിവാര്യമാണ്.

റോഡ് നിയമങ്ങൾ ആരെങ്കിലും ലംഘിച്ചാൽ അപകടം ഉണ്ടാവാം. നമ്മൾ അത്തരം നിയമംലംഘകരുടെ പട്ടികയിൽ ഉൾപ്പെട്ടുകൂടാ. നിയമങ്ങൾ അനുസരിക്കാൻ നാം തയ്യാറാവണം; അത് നമ്മുടെയും ഗുണത്തിനു വേണ്ടിയാണ്.

ലഹരിയും രാത്രി പകലാക്കിയുള്ള ആഘോഷങ്ങളും ജീവിതത്തെ സന്തോഷിപ്പിക്കുന്നു എന്ന് കരുതുന്നവർക്ക് മുൻപിൽ ഇത്തരം ആഘോഷങ്ങളും ലഹരിയുമൊക്കെ കവർന്നെടുത്ത ആയിരങ്ങളുടെ ജീവൻ സാക്ഷിയാണ്. മനുഷ്യൻ നിസ്സഹായനായി നിൽക്കുന്ന, മനസ്സ് മരവിക്കുന്ന കാഴ്ചകൾ നമ്മുടെയൊക്കെ കണ്ണ് തുറപ്പിക്കണം. സ്വയം തിരിച്ചറിയാനും ജീവിതയാഥാർഥ്യങ്ങളെ ഉൾക്കൊള്ളാനും തയ്യാറായാൽ മാത്രമെ ജീവൻ രക്ഷിക്കാൻ സാധ്യമാവൂ.

തിരക്കാണ് മറ്റൊരു പ്രധാന കാരണം; റോട്ടിലെ തിരക്കും നമ്മുടെ തിരക്കും. റോട്ടിലെ തിരക്ക് കുറക്കാൻ പ്രായോഗിക ഇടപെടലുകൾ നടത്തേണ്ടത് അനിവാര്യമാണ്. വികസനത്തിന്റെ പേരിൽ മണിക്കൂറുകൾ ജനങ്ങളെ വഴിയിൽ കെട്ടിയിടുന്നത് നീതീകരിക്കാവതല്ല. പകരം സംവിധാനങ്ങൾ ഏർപ്പെടുത്തൽ അനിവാര്യമാണ്. കൃത്യസമയത്ത് റോഡുകളുടെ അറ്റകുറ്റപ്പണി നടത്താത്തത് ഗതാഗത കുരുക്കിനും അപകടങ്ങൾക്കും കാരണമാവാറുണ്ട്.

സമയനിഷ്ഠ പാലിക്കാൻ വേണ്ടിയാകും പലരുടെയും മരണപ്പാച്ചിൽ. അതിനിടയിൽ ജീവൻ നഷ്ടമായാൽ ഒരു തിരക്കുമില്ലാതെ ലോകത്തേക്കാണ് യാത്ര, അതുകൊണ്ട്തന്നെ തിരക്കെത്രയുണ്ടെങ്കിലും അതൊന്നും ജീവനെക്കാൾ വലുതല്ലെന്ന തിരിച്ചറിവ് ഉണ്ടായേ തീരൂ. എത്തേണ്ടിടത്ത് സമയത്തിനെത്താൻ നേരത്തെ പുറപ്പെടുക. വൈകുമെങ്കിൽ ബന്ധപ്പെട്ടവരെ അറിയിച്ച് ശാന്തമായ മനസ്സുമായി വാഹനം ഓടിക്കുക. മനസ്സും ശരീരവും കണ്ണും കാതും ഒരേപോലെ ശ്രദ്ധിച്ചാൽ മാത്രമെ സുരക്ഷിതയാത്ര സാധ്യമാവൂ.

ഉറക്കം മറ്റൊരു വില്ലനാണ്. രാതിയാത്രകളിൽ നിരവധി ജീവനുകളാണ് ദിനേന പൊലിയുന്നത്. മനുഷ്യന്റെ ശരീരം ക്ഷീണിക്കുകയും വിശ്രമം ആവശ്യപ്പെടുകയും ചെയ്യുന്ന സമയമാണ് രാത്രി. ഇരുട്ടിന്റെ മറവും ശാന്തതയും രാത്രിയെ വിശ്രമത്തിന്റെതാക്കി മാറ്റിയിരിക്കുന്നു. പകൽ സമയം എത്ര ഉറങ്ങിയാലും അത് രാത്രിയുറക്കത്തിന് പകരമാവില്ല. പ്രക്ഷുബ്ധമായ പകലിൽനിന്നും ശാന്തസുന്ദരമായ രാത്രിയിൽ മനസ്സും ശരീരവും വിശ്രമിക്കുക എന്നത് അനിവാര്യത കൂടിയാണ്. അതിന് വിപരീതമായി ചെയ്യുന്നവർക്ക് വലിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്നാണ് വിദഗ്ധാഭിപ്രായം.

എന്തായാലും രാത്രിയാത്ര ഒരിക്കലും സുരക്ഷിതമല്ല. റോട്ടിലെ തിരക്ക് കുറയും, ബുദ്ധിമുട്ടുകളില്ലാതെ ലക്ഷ്യസ്ഥാനത്ത് വേഗമെത്താം എന്ന് കരുതി രാതി യാത്രക്ക് പോകുന്നവരാണ് പലരും. യാത്ര നേരത്തെ പ്ലാൻ ചെയ്യുകയും അനാരോഗ്യകരമായ യാത്രകൾ ഒഴിവാക്കുകയും ചെയ്യുക. ആവശ്യത്തിന് വിശ്രമവും വെള്ളവും ഭക്ഷണവും ഒക്കെ ഉറപ്പ് വരുത്തണം. വാഹനത്തിന്റെ ക്ഷമതയും മറ്റ് സുരക്ഷാ മുൻകരുതലുകളും ഉറപ്പാക്കണം. നിയമങ്ങൾ പരമാവധി പാലിക്കാൻ ശ്രമിക്കുക. എത്ര അറിയുന്ന വഴികളാണെങ്കിലും നമ്മുടെ എതിരെ വരുന്ന ആൾക്ക് അതൊന്നും അറിയാൻ സാധ്യതയില്ലെന്ന് മറന്ന് പോകരുത്. കഴിയുന്നതും അതിരാവിലെ യാത്ര പുറപ്പെടാൻ ശ്രമിക്കുക. പണവും സമയവും മറ്റെന്തെങ്കിലും ലാഭമുണ്ടെങ്കിലും അതൊന്നും ജീവനെക്കാൾ വലുതല്ലെന്ന ബോധ്യം നമുക്കുണ്ടാവണം. ■

അബൂഹംദ, അലനല്ലൂർ

# നന്മയുള്ള മക്കൾ

സൂര്യൻ അസ്തമിച്ചു. മഗ്‌രിബ് ബാങ്ക് വിളി പള്ളികളിൽനിന്നും ഉയർന്നുതുടങ്ങി. സ്‌കൂളിലേക്ക് പോയ അനസിനെ ഇനിയും കാണുന്നില്ല. സാധാരണ വൈകുന്നേരം അഞ്ചിനോ അഞ്ചരക്കോ അവൻ വീട്ടിലെത്തുന്നതാണ്.

നേരം ഇരുട്ടിത്തുടങ്ങിയിട്ടും എന്റെ മോനെ കാണുന്നില്ലല്ലോ... ഇനി എവിടെ പോയി അന്വേഷിക്കും എന്റെ റബ്ബേ...

സീനത്തിന്റെ മനസ്സിൽ ഭയം അരിച്ചുകയറി. ഒന്ന് പോയി അന്വേഷിക്കാമെന്നു വെച്ചാൽ അവന്റെ ഉപ്പയും നാട്ടിലില്ല. എന്നും മഗ്‌രിബ് നമസ്‌കാരം കഴിഞ്ഞാൽ അദ്ദേഹം വിളിക്കാറുള്ളതാണ്. അദ്ദേഹം വിളിച്ച് മോനെവിടെ എന്നുചോദിച്ചാൽ ഞാനെന്തു മറുപടി പറയും? സീനത്ത് പരിഭ്രാന്തിയിലായി.

ഒടുവിൽ സീനത്ത് വീടിന്റെ മുൻവാതിൽ തുറന്ന് ഉമ്മറത്തേക്കിറങ്ങി. അപ്പുറത്തെ വീട്ടിലെ സൽമാനെ ഉറക്കെ വിളിച്ചു:

“മോനേ... സൽമാനേ... നീ അനസിനെ കണ്ടിരുന്നോ?”

അപ്പോഴതാ സൽമാന്റ ഉമ്മ സക്കീന വാതിൽ തുറക്കുന്നു. സീനത്ത് സക്കീനയോട് മോൻ സ്‌കൂളിൽനിന്ന് തിരിച്ചുവന്നില്ലെന്ന് തേങ്ങലോടെ പറഞ്ഞു.

ഇതു കേട്ട സക്കീനത്ത പറഞ്ഞു: “അപ്പോ... സീനത്തേ നീ ഒന്നും അറഞ്ഞില്ലേ? അവൻ നിന്നോടൊന്നും പറഞ്ഞിരുന്നില്ലേ?”

“എന്റെ സക്കീനത്താ, നിങ്ങൾ വളച്ചുകെട്ടില്ലാതെ വേഗം കാര്യം പറ. എനിക്ക് ആകെ പേടിയാകുന്നു.”

“സൽമാനും ഇതുവരെ വന്നിട്ടില്ല. അവൻ രാവിലെ സ്‌കൂളിലേക്ക് പോകുമ്പോൾ തന്നെ ഇന്ന് വരാൻ വൈകുമെന്ന് പറഞ്ഞിരുന്നു.”

“വൈകാനുള്ള കാരണം പറഞ്ഞിരുന്നോ?”

“അടുത്ത ആഴ്ചയിലല്ലേ നമ്മുടെ കുട്ടികൾക്കായി ബാലസമ്മേളനം നടക്കുന്നത്. അതുമായി ബന്ധപ്പെട്ട ഒരു യോഗം ഇന്ന് പള്ളിയിൽ നടക്കുമെന്നും മഗ്‌രിബ് കഴിഞ്ഞാലേ മടങ്ങിവരൂ എന്നും അവൻ പറഞ്ഞിരുന്നു. അനസ് നിന്നോട് വൈകുമെന്ന കാര്യം പറയാൻ മറന്നതാകും.” സക്കീനയുടെ ഈ വാക്കുകൾ കേട്ടപ്പോഴാണ് സീനത്തിന് ആശ്വാസമായത്.

പോസ്റ്റർ ഒട്ടിക്കാൻ പോയതാ. മൗലവിയും ഇവിടുത്തെ ശാഖാ പ്രസിഡന്റും സെക്രട്ടറിയുമൊക്കെ ഉണ്ടാകും. കഴിഞ്ഞ ദിവസം ക്വുർആൻ ക്ലാസ്സിൽ മൗലവി പറയുന്നത് നീ ശ്രദ്ധിച്ചിരുന്നില്ലേ, നമ്മൾ കാരണം ഒരാൾക്ക് സന്മാർഗം ലഭിച്ചാൽ ഒരു ചുമന്ന ഒട്ടകം കിട്ടുന്നതിനേക്കാൾ ശ്രേഷ്ഠമാണ് എന്ന്.

“ശരിയാണല്ലോ. കഴിഞ്ഞ വെള്ളിയാഴ്ച പള്ളിയിൽ ബാലസമ്മേളനത്തെക്കുറിച്ച് പറഞ്ഞിരുന്നത് കേട്ടതാണ്. നീ പറഞ്ഞതുപോലെ വൈകുമെന്ന കാര്യം പറയാൻ അവൻ മറന്നതാകും. ഞാൻ വല്ലാതെ ടെൻഷനിലായി.”

“നല്ല കാര്യം ചെയ്തും നല്ലവരോട് കൂട്ടുകൂടിയും മക്കൾ വളരട്ടെ സീനത്തേ. അതിൽപരം എന്ത് സന്തോഷം നൽകുന്ന എന്ത് കാര്യമാണുള്ളത്?!’

വൈകാതെ തന്നെ സൽമാനും അനസും തിരിച്ചെത്തി. സീനത്ത് സന്തോഷത്തോടെ അനസിന്റെ ചുമലിൽ കൈവെച്ച് അവനെ അകത്തേക്ക് കൂട്ടിക്കൊണ്ടുപോകവെ പറഞ്ഞു: “മോനേ നന്മകൾ ധാരാളം ചെയ്യണം. തെറ്റ് ചെറുതാണെങ്കിലും ചെയ്തു പോകരുത്. എങ്കിലേ സ്വർഗം ലഭിക്കൂ. മോൻ എങ്ങോട്ട് പോകുമ്പോഴും ഈ ഉമ്മയോട് പറഞ്ഞ് വേണം പോകാൻ.”

“ഞാൻ പറയാൻ മറന്നതാണുമ്മാ. ഇൻശാ അല്ലാഹ്, ഇനി ആവർത്തിക്കില്ല” അനസ് തന്റെ നല്ല പ്രവൃത്തിയെ ഉമ്മ അംഗീകരിച്ചതിന്റെ സന്തോഷത്തിലായിരുന്നു. ■

മൻഷൂഖ് അൽഅസ്ഹരി
എടത്തനാട്ടുകര
: 9846916630



# നാവ് നമ്മെ നരകത്തിലേക്കു നയിക്കരുത്

അല്ലാഹു നമുക്ക് നൽകിയ വലിയ ഒരു അനുഗ്രഹമാണല്ലോ നമ്മുടെ നാവ്. വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടും ദിക്റുകൾ ചൊല്ലുന്നതിലൂടെയും അല്ലാഹുവിന് ഇഷ്ടപ്പെടുന്ന നല്ല സംസാരങ്ങളിലൂടെയുമെല്ലാം നാവ് ഉപയോഗിച്ചുകൊണ്ട് നമുക്ക് ഒരുപാട് പ്രതിഫലം നേടിയെടുക്കാൻ സാധിക്കും.

നാവുകൊണ്ട് ഒരുപാട് വിനകളും സംഭവിക്കാനിടയുണ്ട്. അതുകൊണ്ടാണ് നബി(സ്വ) ഇപ്രകാരം പറഞ്ഞത്: "രണ്ട് കാലുകൾക്കിടയിലുള്ളതിനെയും രണ്ട് താടിയെല്ലുകൾക്കിടയിലുള്ളതിനെയും സൂക്ഷിച്ചുകൊള്ളാമെന്ന് ആർ എനിക്ക് ഉറപ്പു നൽകുന്നുവോ അവർക്ക് സ്വർഗം ഞാൻ ഉറപ്പു നൽകുന്നു."

നാവിനെ സൂക്ഷിച്ചുപയോഗിക്കുന്നത് എന്തുമാത്രം പ്രാധാന്യമുള്ളതാണെന്ന് ഇത് വ്യക്തമാക്കുന്നു. നാവിനാലുണ്ടാകുന്ന വലിയ രണ്ട് തിന്മകളാണ് ഗീബത്ത് (പരദൂഷണം), നമീമത്ത് (ഏഷണി) എന്നിവ. മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും പോരായ്മകളും പറയുകയും അവരെ കുത്തിനോവിക്കുകയും സമൂഹത്തിൽ തരംതാഴ്ത്തുകയും ചെയ്യുന്ന ഒരുപാട് ആളുകളെ സമൂഹത്തിൽ കാണാൻ സാധിക്കും. ഒരു വിശ്വാസിയിൽ ഒരിക്കലും ഈ സ്വഭാവം ഉണ്ടായിക്കൂടാ.

അല്ലാഹു പറയുന്നു: "(അന്യരെ) കുത്തിപ്പറയുന്നവരും കുറവാക്കുന്നവരുമായ എല്ലാവർക്കും നാശം" (ക്വുർആൻ 104:1). ഈ ദുഃസ്വഭാവത്തെ നാം വളരെ ഗൗരവത്തിൽ കാണേണ്ടതുണ്ട് എന്ന് ഈ ആയത്തിലൂടെ മനസ്സിലാക്കാം.

പരദൂഷണം എത്ര വലിയ തെറ്റാണെന്ന് ബോധ്യപ്പെടുത്തുന്ന ഒരു ആയത്ത് കാണുക: "...നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 49:12).

പരദൂഷണം പറയുന്നത് കേൾക്കാൻ നാം ഇരുന്നുകൊടുക്കരുത്. കേട്ടുപോയാൽ നമ്മൾ ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങളുണ്ട്:

- അവൻ/അവൾ പറയുന്നത് അപ്പടിവിശ്വസിക്കാൻപാടില്ല.
- അയാളെ അതിൽനിന്ന് നാം തടയണം. ഈ ദുഃസ്വഭാവം ഒഴിവാക്കാൻ ഉപദേശിക്കുകയും ചെയ്യണം.
- അയാളിലെ ഈ സ്വഭാവത്തെ നാം വെറുക്കണം; മറ്റു പല ഗുണങ്ങളും അവനിൽ ഉണ്ടാവാം,എന്നിരുന്നാലും.
- അയാൾആരെക്കുറിച്ചാണോ കുറ്റം പറയുന്നത് അയാളെക്കുറിച്ച് നാം മോശമായി വിചാരിക്കരുത്, അയാളെ തെറ്റിദ്ധരിക്കരുത്.
- അയാൾ പറഞ്ഞ കാര്യത്തെക്കുറിച്ച് ചൂഴ്ന്ന് അന്വേഷിക്കാനോ ചാരപ്പണി നടത്താനോ പോകരുത്.
- ആ കുറ്റം അയാളിൽ ഉള്ളതാണെങ്കിലും അവൻ പറഞ്ഞത് ഏറ്റെടുത്ത് നാം പ്രചരിപ്പിക്കാൻ പാടില്ല.

അല്ലാഹു നൽകിയ വളരെ വലിയ അനുഗ്രഹമായ നാവുകൊണ്ട് വെറുതെ നാമെന്തിനു നരകം വാങ്ങണം?



വിവ. അബ്ദുൽ ജബ്ബാർ മദീനി

# വ്യാപാരങ്ങൾ

ബയ്ഇന്റെ നിർവചനം: ഒരു വസ്തു സ്വീകരിച്ച് മറ്റൊരു വസ്തു നൽകുന്നതിനാണ് ബയ്അ് (വ്യാപാരം) എന്നു ഭാഷയിൽ പറയുക. സമ്പത്ത് സമ്പത്തുമായി അല്ലെങ്കിൽ ഒരു വസ്തുവിന്റെ അനുവദനീയമായ പ്രയോജനവുമായി അന്യോന്യം എന്നെന്നേക്കുമായി പലിശയായോ ദാനമായോ അല്ലാതെ കൈമാറ്റം ചെയ്യുന്നതിനാണ് 'ബയ്അ്' എന്നു സാങ്കേതികമായി പറയുക; അത് കടമായിട്ടാണെങ്കിലും ശരി.

*ബയ്ഇന്റെ മതവിധി:* വ്യാപാരം അനുവദനീയമാകുന്നു. വിശുദ്ധ ക്വുർആനിൽ അല്ലാഹു പറഞ്ഞു: "കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു" (2:275).

ഇബ്നു ഉമറി(റ)ൽനിന്നു നിവേദനം: "രണ്ടുപേർ ക്രയവിക്രയം ചെയ്താൽ പരസ്പരം പിരിഞ്ഞുപോകുന്നതുവരെ

ഇരുവർക്കും ഖിയാർ (കച്ചവടം ഉറപ്പിക്കുവാനും റദ്ദാക്കുവാനുമുള്ള അവകാശം) ഉണ്ട്.”

ജനങ്ങളുടെ ആവശ്യം കച്ചവടത്തെ തേടുന്നു. കാരണം, അപരന്റെ കൈയിലുള്ളതിൽ മനുഷ്യൻ ആവശ്യക്കാരനാണ്. അവന്റെ അഭിവൃദ്ധി അതുമായി ബന്ധപ്പെട്ടുകിടക്കുന്നു. ശരിയായ മാർഗേണ അതിലേക്ക് എത്തുവാനും അത് ഉപയോഗപ്പെടുത്തുവാനും കച്ചവടമല്ലാതെ മറ്റൊരു മാർഗമില്ല. അതിനാൽ ഉദ്ദിഷ്ടലക്ഷ്യം നേടുവാൻ കച്ചവടം അനുവദനീയമാകണമെന്നതും നിയമമാകണമെന്നതുമാണ് യുക്തി യുടെ തേട്ടം.

### ബയ്ഇന്റെ റുക്നുകൾ

കച്ചവടത്തിന്റെ റുക്നുകൾ മൂന്നാകുന്നു. ആകിദ്, മഅ്ക്വൂദുൻ അലയ്ഹി, സ്വീഗഃ എന്നിവയാണവ.

ആകിദ് (ഇടപാടുകാരൻ): വിൽക്കുന്നവനെയും വാങ്ങുന്നവനെയും അത് ഉൾകൊള്ളുന്നു.

‘മഅ്ക്വൂദുൻ അലയ്ഹി’ വിൽപനച്ചരക്കാണ് (വിൽക്കുന്ന ചരക്കും വാങ്ങുന്ന വിലയും).

സ്വീഗഃ ഈജാബും ക്വബൂലുമാണ് (വിൽക്കുമ്പോഴും വാങ്ങുമ്പോഴും പറയേണ്ട വാചകം). ഞാൻ വിറ്റിരിക്കുന്നു എന്നു പറയും പോലെ വിൽക്കുന്നവനിൽനിന്ന് വരേണ്ട വാചകമാണ് ഈജാബ്. ഞാൻ വാങ്ങിയിരിക്കുന്നു എന്നു പറയും പോലെ വാങ്ങുന്നവനിൽനിന്ന് വരേണ്ട വാചകമാണ് ക്വബൂൽ. ഇതു വാക്കാലുള്ള സ്വീഗഃയാകുന്നു.

എന്നാൽ പ്രവൃത്തിയാലുള്ള സ്വീഗഃ മുആത്വാത്താണ് അഥവാ കൊള്ളക്കൊടുക്കകൾ. സംസാരമൊന്നും കൂടാതെ വാങ്ങുന്നവൻ ചരക്കിന്റെ തുക വിൽക്കുന്നവനു നൽകുകയും അപ്പോൾ അവൻ ചരക്ക് വാങ്ങുന്നവനു നൽകുകയും ചെയ്യുന്നതുപോലെ.

തിരുനബി(സ്വ) ജീവിച്ചനാളിൽ സ്വഹാബിമാർ അങ്ങാടികളിൽ അന്യോന്യം ഇടപാടു നടത്തുമായിരുന്നു. തിരുനബി അവരോടു സാക്ഷിനിറുത്തുവാൻ ആജ്ഞാപിച്ചതായോ അവർ സാക്ഷിനിറുത്തിയതായോ ഉദ്ധരിക്കപ്പെട്ടിട്ടില്ല. മാത്രവുമല്ല, ദൈനംദിന ജീവിതത്തിൽ അങ്ങാടികളിൽ കച്ചവടങ്ങൾ ജനങ്ങൾക്കിടയിൽ കൂടുതലായി നടക്കുന്ന കാര്യമാണ്. ഓരോ കാര്യത്തിനും അവർ സാക്ഷി നിറുത്തുകയാണെങ്കിൽ അതു പ്രയാസത്തിലേക്കും ഞെരുക്കത്തിലേക്കുമെത്തിക്കും.

### വ്യപാരത്തിനു സാക്ഷിനിർത്തൽ

കച്ചവടത്തിനു സാക്ഷിനിർത്തൽ സുന്നത്താകുന്നു. അത് നിർബന്ധമല്ല. അല്ലാഹു പറഞ്ഞു: “എന്നാൽ നിങ്ങൾ ക്രയവിക്രയം ചെയ്യുമ്പോൾ സാക്ഷി നിർത്തേണ്ടതാണ്” (2:282).

ഇടപാടുകളുടെ അവസരത്തിൽ സാക്ഷിനിറുത്തുവാൻ അല്ലാഹു കൽപിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത കൽപന സുന്നത്താകുന്നു. അതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു:

“ഇനി നിങ്ങളിലൊരാൾ മറ്റൊരാളെ (വല്ലതും) വിശ്വസിച്ചേൽപിച്ചാൽ ആ വിശ്വാസമർപ്പിക്കപ്പെട്ടവൻ തന്റെ വിശ്വസ്തത നിറവേറ്റുകയും തന്റെ രക്ഷിതാവിനെ സൂക്ഷിക്കുകയും ചെയ്യട്ടെ” (2:283).

അപ്പോൾ ഈ കൽപന കൊള്ളക്കൊടുക്കകൾ രേഖാമൂലമാക്കുന്നതിനും ഗുണപ്രദമാകുന്നതിനുമുള്ള നിർദേശ കൽപന മാത്രമാണെന്ന് അറിയിക്കുന്നു.

സ്വഹാബിയായ തന്റെ പിതൃവ്യൻ പറഞ്ഞതായി ഉമാറ ഇബ്നുഖുസയ്മ(റ) യിൽനിന്നു നിവേദനം: “തിരുനബി(സ്വ) ഒരു അഅ്റാബിയിൽനിന്ന് ഒരു

കുതിരയെ വിലയ്ക്കു വാങ്ങി. തന്റെ കുതിരയുടെ വില സ്വീകരിക്കുവാൻ കൂടെ വരുവാൻ തിരുമേനി അഅ്റാബിയോട് ആവശ്യപ്പെട്ടു. അങ്ങനെ തിരുനബി ധൃതിയിലും അഅ്റാബി സാവകാശത്തിലും നടന്നു. തിരുമേനി(സ്വ) കുതിരയെ വിലയ്ക്കു വാങ്ങിയത് അറിയാതെ ആളുകൾ അഅ്റാബിയോട് കുതിരക്കു വിലപേശുവാൻ തുടങ്ങി.”

തങ്ങൾക്കിടയിൽ യാതൊരു തെളിവുമില്ലാതെയാണ് തിരുനബി(സ്വ) അഅ്റാബിയിൽനിന്ന് കുതിരയെ വാങ്ങിയത്. കച്ചവടത്തിൽ അതു നിർബന്ധമായിരുന്നുവെങ്കിൽ സാക്ഷിനിറുത്തിയിട്ടല്ലാതെ തിരുമേനി കുതിരയെ വാങ്ങുമായിരുന്നില്ല.

തിരുനബി(സ്വ) ജീവിച്ചനാളിൽ സ്വഹാബിമാർ അങ്ങാടികളിൽ അന്യോന്യം ഇടപാടു നടത്തുമായിരുന്നു. തിരുനബി അവരോടു സാക്ഷിനിറുത്തുവാൻ ആജ്ഞാപിച്ചതായോ അവർ സാക്ഷിനിറുത്തിയ തായോ ഉദ്ധരിക്കപ്പെട്ടിട്ടില്ല. മാത്രവുമല്ല, ദൈനംദിന ജീവിതത്തിൽ അങ്ങാടികളിൽ കച്ചവടങ്ങൾ ജനങ്ങൾക്കിടയിൽ കൂടുതലായി നടക്കുന്ന കാര്യമാണ്. ഓരോ കാര്യത്തിനും അവർ സാക്ഷി നിറുത്തുകയാണെങ്കിൽ അതു പ്രയാസത്തിലേക്കും ഞെരുക്കത്തിലേക്കുമെത്തിക്കും.

എന്നാൽ തുകക്ക് അവധി പറഞ്ഞുകൊണ്ട്, രേഖാമൂലമാക്കൽ ആവശ്യമായ വലിയ ഇടപാടുകളാണെങ്കിൽ എഴുതിവെക്കലും അതിനു സാക്ഷിയെ നിറുത്തലും അനിവാര്യമാണ്; ഇടപാടുകാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായാൽ രേഖാമൂലത്തെ അവലംബിക്കുന്നതിനുവണ്ടി.

### വ്യാപാരത്തിൽ ഖിയാർ

കൊള്ളക്കൊടുക്കകളിൽ വിൽക്കുന്നവനും വാങ്ങുന്നവനുമെല്ലാം കച്ചവടം നടത്തുവാനും റദ്ദാക്കുവാനും അവകാശമുണ്ടാകലാണ് ‘ഖിയാർ.’

> റുക്നുകളും ശർത്ത്വുകളും പൂർത്തിയായിക്കൊണ്ട് എപ്പോഴാണോ ഇടപാടു നടക്കുന്നത് അതോടെ കച്ചവടമുറച്ചു എന്നതാണ് വ്യാപാര കരാറിന്റെ അടിസ്ഥാനം. ഇടപാടുകാരിലൊരാൾക്കും അത് ലംഘിക്കുവാൻ അർഹതയില്ല. എന്നാൽ വിട്ടുവീഴ്ചയുടെയും എളുപ്പത്തിന്റെയും മതമായ ഇസ്‌ലാം അതിലെ മുഴുവൻ വ്യക്തികളുടെയും നന്മകളും സാഹചര്യങ്ങളും പരിഗണിച്ചു. ഒരു മുസ്‌ലിം ഏതെങ്കിലും കാരണത്തിന് ഒരു ചരക്ക് കൊള്ളുകയോ അല്ലെങ്കിൽ കൊടുക്കുകയോ ചെയ്യുകയും പിന്നീട് അതിൽ ഖേദിക്കുകയും ചെയ്താൽ അവന് ഖിയാർ (കച്ചവടം നടത്തുവാനും റദ്ദാക്കുവാനുമുള്ള അവകാശം) ഇസ്‌ലാം അനുവദിച്ചു;

റുക്നുകളും ശർത്ത്വുകളും പൂർത്തിയായിക്കൊണ്ട് എപ്പോഴാണോ ഇടപാടു നടക്കുന്നത് അതോടെ കച്ചവടമുറച്ചു എന്നതാണ് വ്യാപാര കരാറിന്റെ അടിസ്ഥാനം. ഇടപാടുകാരിലൊരാൾക്കും അത് ലംഘിക്കുവാൻ അർഹതയില്ല.

എന്നാൽ വിട്ടുവീഴ്ച്ചയുടെയും എളുപ്പത്തിന്റെയും മതമായ ഇസ്‌ലാം അതിലെ മുഴുവൻ വ്യക്തികളുടെയും നന്മകളും സാഹചര്യങ്ങളും പരിഗണിച്ചു. ഒരു മുസ്‌ലിം ഏതെങ്കിലും കാരണത്തിന് ഒരു ചരക്ക് കൊള്ളുകയോ അല്ലെങ്കിൽ കൊടുക്കുകയോ ചെയ്യുകയും പിന്നീട് അതിൽ ഖേദിക്കുകയും ചെയ്താൽ അവന് ഖിയാർ (കച്ചവടം നടത്തുവാനും റദ്ദാക്കുവാനുമുള്ള അവകാശം) ഇസ്‌ലാം അനുവദിച്ചു; അവന്റെ വിഷയത്തിൽ ചിന്തിക്കുവാനും അവനു ഗുണപ്രദമായ കാര്യം നോക്കുവാനുമാണത്. അതിൽപിന്നെ തനിക്ക് അനുചിതമായി തോന്നുന്നതനുസരിച്ച് അവനു കച്ചവടത്തിലേക്കുവരാം അല്ലെങ്കിൽ അതിൽനിന്നു മടങ്ങാം. (അവസാനിച്ചില്ല)

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥം).*

ശമീർ മദീനി
: 9048 221 212



# റജബ് മാസത്തിലെ അനാചാരങ്ങൾ

ആകാശഭൂമികളെ സൃഷ്ടിച്ചത് മുതൽ അല്ലാഹു മാസങ്ങളെ പന്ത്രണ്ടെണ്ണം ആയിട്ടാണ് ക്രമീകരിച്ചിട്ടുള്ളത്. അതിൽ നാലെണ്ണം പവിത്ര മാസങ്ങളാണ്. റജബ്, ദുൽഖഅദഃ, ദുൽഹിജ്ജഃ, മുഹർറം എന്നിവയാണ് ആ നാല് മാസങ്ങൾ. ഈ മാസങ്ങളിൽ തെറ്റുകൾ ചെയ്യുന്നത് കൂടുതൽ ഗൗരവമുള്ള സംഗതിയാണ് എന്ന കാര്യം ക്വുർആൻ വ്യാഖ്യാന പണ്ഡിതന്മാർ ഈ വചനത്തിന്റെ വിവരണത്തിൽ പ്രത്യേകം ഉണർത്തിയിട്ടുണ്ട്. (ഉദാഹരണത്തിന് തഫ്സീർ ഇബ്നു കസീർ 9:36ന്റെ വിവരണം നോക്കുക). അല്ലാഹു ആദരിച്ചവയെ ആദരിക്കുക എന്നത് ഒരു മുസ്‌ലിമിന്റെ ബാധ്യതയാണല്ലോ. അല്ലാഹു പറയുന്നു.

“സത്യവിശ്വാസികളേ, അല്ലാഹുവിന്റെ മതചിഹ്നങ്ങളെ നിങ്ങൾ അനാദരിക്കരുത്. പവിത്രമായ മാസത്തെയും (കഅ്ബത്തിങ്കലേക്ക് കൊണ്ടുപോകുന്ന) ബലിമൃഗങ്ങളെയും (അവയുടെ കഴുത്തിലെ) അടയാളത്താലികളെയും നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹവും പൊരുത്തവും തേടിക്കൊണ്ട് വിശുദ്ധ മന്ദിരത്തെ ലക്ഷ്യമാക്കിപ്പോകുന്ന തീർഥാടകരെയും (നിങ്ങൾ അനാദരിക്കരുത്)...”(5:2).

“അത് (നിങ്ങൾ ഗ്രഹിക്കുക) വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ” (22:32).

അതിനാൽ ഈ മാസങ്ങളിൽ യുദ്ധം ആരംഭിക്കുന്നതും അവയുടെ പവിത്രതക്ക് നിരക്കാത്ത മറ്റു വല്ല പ്രവർത്തനങ്ങളും ചെയ്യുന്നതും ഇസ്‌ലാം വിലക്കിയിരിക്കുന്നു.

എന്നാൽ മതമറിയാത്ത ധാരാളമാളുകൾ അവരുടെ അജ്ഞതകൊണ്ട് പലതരത്തിലുള്ള അബദ്ധങ്ങളിൽ ചെന്ന് ചാടാറുണ്ട്. പലരും മതത്തിന്റെ പ്രമാണങ്ങൾക്കപ്പുറം തങ്ങളുടെ ഇഷ്ടങ്ങൾക്കും താല്പര്യങ്ങൾക്കും അനുസരിച്ചാണ് ഇത്തരം കാര്യങ്ങൾ ചെയ്തുവരുന്നത് എന്നതാണ് വസ്തുത. അതിനാൽ തങ്ങൾക്ക് നല്ലതെന്ന് തോന്നുന്ന പല കാര്യങ്ങളും അവർ മതത്തിന്റെ പേരിൽ വ്യാജമായി കടത്തിക്കൂട്ടി ചെയ്തുവരുന്നത് കാണാം. അത്തരത്തിൽ റജബ് മാസത്തിൽ പ്രത്യേകമായി ചെയ്തുവരുന്ന പല അനാചാരങ്ങളുമുണ്ട്. റജബ് മാസത്തിൽ പ്രത്യേകമായി എടുക്കുന്ന നോമ്പ്, റഗാഇബ് നമസ്കാരം എന്ന പേരിൽ അറിയപ്പെടുന്ന; റജബ് മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച മഗ്‌രിബിനും ഇശാഇനും ഇടയിൽ നിർവഹിക്കുന്ന പ്രത്യേക നമസ്കാരം, റജബ് 27 ഇസ്‌റാഅ്-മിഅ്‌റാജ് ദിനമായി ആചരിക്കൽ മുതലായവ ഇത്തരം അനാചാരങ്ങളിൽ പെട്ടതാണ്. ഇവയ്ക്ക് ഒന്നിനും മതപരമായ തെളിവുകളുടെ പിൻബലമില്ല. ഇസ്‌ലാമിക ലോകത്തെ പണ്ഡിതന്മാർ ഇക്കാര്യം ഉണർത്തിയിട്ടുള്ളതാണ്. നമ്മുടെ നാടുകളിൽ കാണപ്പെടുന്ന അത്തരം ചില അടിസ്ഥാനരഹിതമായ കാര്യങ്ങൾ നമുക്ക് പരിശോധിക്കാം:

### 1. റജബ് മാസം തുടങ്ങുന്നതോടുകൂടി ആരംഭിക്കുന്ന പ്രത്യേക ദുആ.

റജബ് മാസം ആരംഭിച്ചാൽ നബി(സ്വ) ഇപ്രകാരം പറയാറുണ്ടായിരുന്നു: ‘അല്ലാഹുമ്മ ബാരിക് ലനാ ഫീ റജബിൻ...’

ഈ ഹദീസ് നബി(സ്വ)യിൽ നിന്ന് സ്ഥിരപ്പെട്ടു വന്നിട്ടില്ല. ഹദീസ് പണ്ഡിതന്മാർ ഇതിന്റെ ദുർബലത വ്യക്തമാക്കിയിട്ടുണ്ട്. ഇമാം ത്വബ്റാനി പറയുന്നു: “ഈ പരമ്പരയിലൂടെയല്ലാതെ ഈ ഹദീസ് ഉദ്ധരിക്കപ്പെടുന്നില്ല. സാഇദത്ത്ബ്നു അബീറക്കാദ് മാത്രമാണ് ഇത് ഉദ്ധരിക്കുന്ന

ത്” (അൽഔസത്ത്). അദ്ദേഹം ഹദീസ് പണ്ഡിതന്മാരുടെ അടുക്കൽ സ്വീകാര്യനല്ല.

മറ്റൊരു പണ്ഡിതനായ ഇമാം ബൈഹഖി പറയുന്നു: “സാഇദത്ത്ബ്നു അബീറക്കാദ് ഹദീസ് നിവേദനത്തിന് യോഗ്യനല്ലാത്ത മുൻകറുൽ ഹദീസ് ആണ് എന്ന് ഇമാം ബുഖാരി(റഹി) പറഞ്ഞിട്ടുണ്ട്” (ശുഅബുൽ ഈമാൻ).

ഇമാം നസാഈ ഇദ്ദേഹത്തെക്കുറിച്ച് മുൻകറുൽ ഹദീസ് എന്ന് പറഞ്ഞിട്ടുണ്ട്. ഇബ്നു ഹിബ്ബാൻ പറഞ്ഞത് ഇയാളുടെ റിപ്പോർട്ടുകൾ തെളിവിന് പര്യാപ്തമല്ല എന്നാണ്. (വിശദ വിവരത്തിന് ഹാഫിദ് ഇബ്നു ഹജ്ർ(റഹി)ന്റെ ‘തബ്‌യീനുൽ അജബ്’ കാണുക).

ശൈഖ് അൽബാനിയും ഇത് ദുർബലമാണ് എന്ന് മിശ്കാത്തുൽ മസ്വാബിഹ് എന്ന ഗ്രന്ഥത്തിന്റെ അടിക്കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.

**2. റഗാഇബ് നമസ്കാരം**

റജബ് മാസത്തിൽ ആളുകൾ മതത്തിൽ പുതിയതായി ഉണ്ടാക്കിയ മറ്റൊരു അനാചാരമാണ് സ്വലാത്തു റഗാഇബ് എന്ന പേരിലുള്ള പ്രത്യേക നിസ്കാരം. റജബ് മാസത്തിലെ ആദ്യ വെള്ളിയാഴ്ച രാവിൽ മഗ്‌രിബിന്റെയും ഇശാഇന്റെയും ഇടയിലാണ് ഇത് നിർവഹിക്കാറുള്ളത്. ഈ വിഷയത്തിൽ വന്നിട്ടുള്ള റിപ്പോർട്ടിനെ സംബന്ധിച്ച് ഹദീസ് പണ്ഡിതന്മാർ പറയുന്നത് വ്യാജ നിർമിതമായ ഹദീസാണ് (മൗളൂഅ്) എന്നാണ്. ഹാഫിദുൽ ഇറാഖി(റഹി) ഇഹ്‌യാഉ ഉലൂമിദ്ദീനിലെ ഹദീസുകൾ അപഗ്രഥിച്ചുകൊണ്ട് എഴുതിയ തഖ്‌രീജിൽ ഇക്കാര്യം വിശദമായി പ്രതിപാദിക്കുന്നുണ്ട്. (തഖ്‌രീജു അഹാദീസിൽ ഇഹ്‌യാഅ് 1/515).

ദീനിൽ കടത്തിക്കൂട്ടപ്പെട്ട അനാചാരമാണ് ഇത് എന്ന കാര്യം നിരവധി പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹ്) പറയുന്നു: “സ്വലാത്തു റഗാഇബ് എന്ന പേരിലുള്ള നമസ്കാരത്തിന് മതത്തിൽ യാതൊരു അടിസ്ഥാനവുമില്ല. പ്രത്യുത അനാചാരമാണ് അത്. ഒറ്റക്കോ സംഘമായോ അത് നിർവഹിക്കൽ പുണ്യമുള്ള കാര്യമല്ല. മാത്രമല്ല വെള്ളിയാഴ്ച രാത്രി മാത്രമായി നമസ്കരിക്കുന്നതും വെള്ളിയാഴ്ച പകലിൽ മാത്രമായി നോമ്പെടുക്കുന്നതും നബി(സ്വ) വിലക്കിയിട്ടുണ്ട് എന്ന് സ്വഹീഹു മുസ്‌ലിമിൽ സ്ഥിരപ്പെട്ടു വന്നിട്ടുമുണ്ട്. ഈ നമസ്കാരത്തെ കുറിച്ച് പറയപ്പെടുന്ന റിപ്പോർട്ട് പണ്ഡിതന്മാരുടെ ഐകകണ്ഠേനയുള്ള അഭിപ്രായപ്രകാരം (ഇജ്മാഅ്) വ്യാജ നിർമിതമാണ് താനും. സച്ചരിതരായ മുൻഗാമികളിൽ പെട്ട ഒരാളിൽ നിന്നും ഇമാമീങ്ങളിൽ നിന്നും ഇത്തരമൊരു നമസ്കാരത്തെ കുറിച്ച് ഉദ്ധരിക്കപ്പെടുന്നില്ല എന്നതും ശ്രദ്ധേയമാണ്” (മജ്മൂഉൽ ഫതാവാ 23/132).

ഇബ്നുൽ ജൗസി(റഹി) പറയുന്നു: “ഇത് നബി(സ്വ)യുടെ പേരിൽ കെട്ടിയുണ്ടാക്കപ്പെട്ട റിപ്പോർട്ടാകുന്നു” (അൽമൗളൂആത് ലി ഇബ്നിൽ ജൗസി 2/126).

ഇമാം നവവി(റഹി)യോട് ഈ നമസ്കാരത്തെ കുറിച്ച്, അത് മതത്തിൽ പുണ്യമുള്ള കാര്യമാണോ അതല്ല അനാചാരമാണോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി കാണുക:

“ഇത് മതത്തിൽ പുതിയതായി ഉണ്ടാക്കിയ അങ്ങേയറ്റം മോശപ്പെട്ടതും നീചവുമായ അനാചാരമാണ്. അത് ഉപേക്ഷിക്കലും അവയിൽനിന്ന് വിട്ടുനിൽക്കലും നിർബന്ധമാണ്. അത് നിർവഹിക്കുന്നവരെ വിലക്കുകയും ചെയ്യേണ്ടതുണ്ട്. നിരവധി പണ്ഡിതന്മാർ ഈ നമസ്കാരത്തെ ആക്ഷേപിച്ചുകൊണ്ടും വിമർശിച്ചുകൊ

> “
> മതമറിയാത്ത ധാരാളമാളുകൾ അവരുടെ അജ്ഞതകൊണ്ട് പലതരത്തിലുള്ള അബദ്ധങ്ങളിൽ ചെന്ന് ചാടാറുണ്ട്. പലരും മതത്തിന്റെ പ്രമാണങ്ങൾക്കപ്പുറം തങ്ങളുടെ ഇഷ്ടങ്ങൾക്കും താല്പര്യങ്ങൾക്കും അനുസരിച്ചാണ് ഇത്തരം കാര്യങ്ങൾ ചെയ്തുവരുന്നത് എന്നതാണ് വസ്തുത. അതിനാൽ തങ്ങൾക്ക് നല്ലതെന്ന് തോന്നുന്ന പല കാര്യങ്ങളും അവർ മതത്തിന്റെ പേരിൽ വ്യാജമായി കടത്തിക്കൂട്ടി ചെയ്തുവരുന്നത് കാണാം. അത്തരത്തിൽ റജബ് മാസത്തിൽ പ്രത്യേകമായി ചെയ്തുവരുന്ന പല അനാചാരങ്ങളുമുണ്ട്. റജബ് മാസത്തിൽ പ്രത്യേകമായി എടുക്കുന്ന നോമ്പ്, റഗാഇബ് നമസ്കാരം എന്ന പേരിൽ അറിയപ്പെടുന്ന; റജബ് മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച മഗ്‌രിബിനും ഇശാഇനും ഇടയിൽ നിർവഹിക്കുന്ന പ്രത്യേക നമസ്കാരം, റജബ് 27 ഇസ്റാഅ്-മിഅ്റാജ് ദിനമായി ആചരിക്കൽ മുതലായവ ഇത്തരം അനാചാരങ്ങളിൽ പെട്ടതാണ്. ഇവയ്ക്ക് ഒന്നിനും മതപരമായ തെളിവുകളുടെ പിൻബലമില്ല.

ണ്ടും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പല നാടുകളിലും ഇത് ചെയ്യുന്ന ധാരാളക്കണക്കിന് ആളുകളുണ്ട് എന്നതിനാലും അപ്രകാരം തന്നെ ക്വൂതുൽ 'ഖുലൂബ്,' 'ഇഹ്‌യാ ഉലൂമിദ്ദീൻ' എന്നീ ഗ്രന്ഥങ്ങളിൽ ഈ നമസ്‌കാരത്തെ കുറിച്ച് പരാമർശിക്കപ്പെട്ടിട്ടുണ്ട് എന്നതിനാലും വഞ്ചിതരാകേണ്ടതില്ല. കാരണം, നിസ്സംശയം അത് നിരർഥകമായ അനാചാരമാകുന്നു" (ഫതാവാ നവവി, മസ്അല നമ്പർ 66, പേജ് 31).

ഇബ്നു റജബ്(റഹി) പറയുന്നു: "റജബ് മാസത്തിൽ മാത്രമായി ഒരു പ്രത്യേക നമസ്‌കാരം സ്ഥിരപ്പെട്ടു വന്നിട്ടില്ല. റഗാഇബ് നമസ്‌കാരത്തിന്റെ ശ്രേഷ്ഠത പറഞ്ഞുകൊണ്ട് ഉദ്ധരിക്കപ്പെടുന്ന ഹദീസുകൾ ഒക്കെയും വ്യാജവും നിരർഥകവുമാണ്. യാതൊന്നും നബി(സ്വ)യിൽനിന്ന് സ്ഥിരപ്പെട്ടു വന്നിട്ടില്ല" (ലത്വാഇഫുൽ മആരിഫ്, പേജ് 118).

### 3.പ്രത്യേക നോമ്പ്.

റജബ് മാസം മുഴുവനായോ ചില ദിവസങ്ങളിൽ മാത്രമായോ പ്രത്യേകം നോമ്പെടുക്കുന്നതും ഇത്തരത്തിലുള്ള ഒരു അനാചാരമാണ്. നബി(സ്വ)യിൽനിന്നും യാതൊന്നും ഈ വിഷയകമായി സ്ഥിരപ്പെട്ടു വന്നിട്ടില്ല.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറയുന്നു: "റജബ് മാസത്തിൽ മാത്രം പ്രത്യേകമായ ഒരു നോമ്പിനെ കുറിച്ച് പറയുന്ന ഹദീസുകൾ എല്ലാംതന്നെ ദുർബലങ്ങളാണ്; അല്ല വ്യാജ നിർമിതം (മൗളൂഅ്) ആണ്. ഇസ്‌ലാമിക ലോകത്തെ പണ്ഡിതന്മാർ അവയെ പരിഗണിച്ചിട്ടില്ല" (മജ്മൂഉൽ ഫതാവാ, വാ. 25, പേ. 290, 291).

ഇബ്നു റജബ്(റഹി) പറയുന്നു: "റജബ് മാസത്തിൽ മാത്രമായി പ്രത്യേകം നോമ്പെടുക്കുന്നതിനെ കുറിച്ച് നബി(സ്വ)യിൽനിന്നും അവിടുത്തെ അനുചരന്മാരിൽനിന്നും യാതൊന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ല" (ലത്വാഇഫുൽ മആരിഫ്, പേ. 118).

ജാഹിലിയ്യത്തിലെ ആളുകളാണ് ഇപ്രകാരം റജബ് മാസത്തെ പ്രത്യേകമാക്കി ആദരവ് കൽപിച്ചിരുന്നത് എന്നും അതിനാൽ ആളുകളെ നിർബന്ധിച്ച് അത്തരം നോമ്പ് ഉപേക്ഷിക്കുവാൻ ഉമർ(റ) കൽപിച്ചിരുന്നതായും സ്ഥിരപ്പെട്ട റിപ്പോർട്ടുകൾ വന്നിട്ടുണ്ട്" (ഇർവാഉൽ ഗലീൽ 4/113).

### 4. റജബിലെ ഉംറ

റജബ് മാസത്തിൽ പ്രത്യേകമായി 'റജബിയ്യ' എന്ന പേരിൽ ഉംറ നിർവഹിക്കുന്നതും ഇത്തരത്തിലുള്ള ഒരു അനാചാരമാണ്.

### 5. പ്രത്യേക അറവ്

ജാഹിലിയ്യ കാലഘട്ടത്തിൽ റജബ് മാസത്തിൽ പ്രത്യേകമായി അറവ് നിർവഹിച്ചിരുന്നു. അൽഅതീറ എന്നാണ് അവർ അതിനു പറഞ്ഞിരുന്ന പേര്. ഇസ്‌ലാം അത് വിരോധിക്കുകയാണ് ചെയ്തത്. അബൂഹുറയ്റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "ഫറഉം അതീറയും ഇസ്‌ലാം മതത്തിൽ പെട്ടതല്ല. ഫറഅ് എന്നാൽ ആദ്യപ്രസവത്തിലെ മൃഗത്തെ അവരുടെ ആരാധ്യർക്ക് വേണ്ടി ബലിയറക്കുന്ന രീതിയാണ്. അതീറ എന്നാൽ റജബ് മാസത്തിലെ പ്രത്യേകമായ അറവുമാണ്"(ബുഖാരി, മുസ്‌ലിം).

ഇത്തരം ആരാധനാകർമങ്ങൾ പരിശുദ്ധ ഇസ്‌ലാമിൽ സ്ഥിരപ്പെട്ട നിലയിൽ ഒരാൾ ചെയ്തുവരികയും അത് റജബ് മാസത്തിലും ആവർത്തിക്കുന്നു എന്നുള്ളതുകൊണ്ട് യാതൊരു ദോഷവും ഇല്ല. മറിച്ച് റജബ് മാസത്തിൽ മാത്രം പ്രത്യേകമായി ഇത്തരം കർമങ്ങൾ ചെയ്യുന്നതിനാണ് വിലക്കുള്ളത്.

### 6. മിഅ്‌റാജ് രാവ്

റജബ് മാസം ഇരുപത്തിയേഴാം തീയതി ഇസ്‌റാഅ്-മിഅ്‌റാജ് വാർഷിക ദിനമായി ആചരിക്കുന്ന ഏർപ്പാട് പലസ്ഥലങ്ങളിലും കണ്ടുവരുന്നു. അതും മതത്തിൽ തെളിവുകളുടെ പിൻബലമില്ലാത്ത അനാചാരങ്ങളിൽ പെട്ടതാണ്. പ്രത്യേകമായ ആരാധനകളും ദിക്ർ-ദുആകളും കൊണ്ട് ആ ദിവസത്തെ സജീവമാക്കുന്ന ആഘോഷ പരിപാടികൾ ഇസ്‌ലാമിൽ സ്ഥിരപ്പെട്ടിട്ടുള്ളതല്ല.

ഇസ്‌റാഅ്, മിഅ്‌റാജ് എന്നിവ പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ടു വന്നതാണെങ്കിലും ഏതു മാസത്തിൽ ഏത് ദിവസത്തിൽ അവ സംഭവിച്ചു എന്നത് പ്രമാണങ്ങളിൽ നിന്ന് വ്യക്തമല്ല. പ്രവാചക തിരുമേനിയും സ്വഹാബത്തും ഇസ്‌റാഅ്-മിഅ്‌റാജിന്റെ പേരിൽ പ്രത്യേകമായ വല്ല ആരാധനകളോ ആഘോഷങ്ങളോ സംഘടിപ്പിച്ചിരുന്നതായി യാതൊരു തെളിവുകളുമില്ല.

അതിനാൽ മതമായി നാം ആചരിക്കുന്ന ഏത് കാര്യവും പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ആചരിക്കുക. ഇല്ലെങ്കിൽ അത് വലിയ പാപവും അപകടവും ആയിരിക്കും എന്ന കാര്യം മറക്കാതിരിക്കുക. പ്രമാണബദ്ധമായി ഇസ്‌ലാമിനെ അറിയാനും ഉൾക്കൊള്ളാനും ജീവിതത്തിൽ പ്രയോഗവൽക്കരിക്കാനും നാം പരിശ്രമിക്കുക. ■

ഹുസ്ന മലോറം

# ഹ്രസ്വമീ ജീവിതം




കുടിക്കാൻ വെള്ളവും
കഴിക്കാൻ ഭക്ഷണവും
കിടന്നുറങ്ങാൻ കിടപ്പാടവും
കിട്ടിയിട്ടും അഹങ്കരിക്കുന്നവരേ,
വെറുതെയല്ല ഈ ദുനിയാവ്,
ഇത് പരീക്ഷണാലയമാണ്.
ഇവിടെ നമ്മൾ യാത്രക്കാരാണ്,
അൽപകാലം മാത്രമാണ്
ഇവിടെ നമ്മുടെ വാസം.
പോകണം, കർമഭാണ്ഡവുമായി
പടച്ച റബ്ബിന്റെ കോടതിയിലേക്ക്.
ചെയ്തുവെച്ച കർമങ്ങൾ
വിചാരണ ചെയ്യപ്പെടും.
രഹസ്യമായും പരസ്യമായും ചെയ്തത്
ലോകർക്ക് മുമ്പിൽ വെളിവാക്കപ്പെടും
അന്നാർക്കും ആരെയും വേണ്ടാ!
ബന്ധങ്ങൾക്കവിടെ സ്ഥാനമില്ല!
വലതുകൈയിൽ കർമരേഖ
ലഭിക്കുന്നവർ ഭാഗ്യവാന്മാർ!
അവർ സ്വർഗാവകാശികൾ.
ഇടതുകൈയിൽ കർമരേഖ
ലഭിക്കുന്നവർ ദൗർഭാഗ്യവാന്മാർ!
അവർക്കുള്ളത് നരകാഗ്നി.
ഏതു വിഭാഗത്തിൽ പെടണമെന്ന്
നമുക്ക് തീരുമാനിക്കാം.
വിശ്വാസവും കർമങ്ങളും
നന്നാക്കിയെന്നാൽ
സ്വർഗം ലഭിക്കുന്ന
സൗഭാഗ്യവാന്മാരിൽ പെടാം.
സൽവഴി ചരിക്കാതിരുന്നാൽ
നിത്യനാശത്തിലെത്താം.

■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

കേരളം കണ്ട മികച്ച ധിഷണാശാലികളിൽ ഒരാളാണ്
ഡോ: ഉസ്മാൻ സാഹിബ്.
അദ്ദേഹത്തിന്റെ മൂർച്ചയേറിയ തൂലികയിൽ നിന്ന്
മലയാളികൾക്ക് ലഭിച്ചത് അത്യപൂർവ്വ രചനകളാണ്.
യുക്തിവാദികളും മതപുരോഹിതരും
ആ മഹാന്റെ തൂലികക്കു മുന്നിൽ മുട്ട് മടക്കിയതാണ് ചരിത്രം.
പുതിയ തലമുറക്ക്  പഠിക്കാനും പകർത്താനും
നിരവധി കാര്യങ്ങൾ ഉള്ളതിനാൽ,
'സൽസബീലി'ന്റെ പഴയ താളുകളിലുള്ള കനപ്പെട്ട
ലേഖനങ്ങൾ ചെറുകൃതികളാക്കി
പുറത്തിറക്കിയിരിക്കുന്നു.











WISDOM BOOKS

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road,
Chalappuram, Kozhikode 673 002.
Mob: **+91 7356766478**





www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
11 January 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-



WISDOM students

# ധർമ്മ സമരത്തിന്റെ വിദ്യാർത്ഥി കാലം

## കേരള സ്റ്റുഡന്റ്സ് കോൺഫറൻസ്

**11** 2025 മെയ്
**പെരിന്തൽമണ്ണ**

Wisdom Islamic Students Organisation
Kerala State Committee
CV Complex, PV Swami Road, Calicut

+91 81568 12292
wisdomstudents